# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ..1

27 -06- 2011-ൽ മറുപടിക്ക്.

## മണിചെയിൻ തട്ടിപ്പിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) നെറ്റ് വർക്ക് മാർക്കറ്റിംഗ്, മണിചെയിൻ തുടങ്ങിയവയുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന സാമ്പത്തിക ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും ഉണ്ട് |
| (ബി) ഇവയുടെ പേരിലുള്ള തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (സി) ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) മണി ചെയിൻ തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing ) യ്ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡിഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് |

അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ്
നടത്തിയ കമ്പനികളുടെ ബാങ്ക് ഇട
പാടുകൾ മരവിപ്പിക്കുവാനും ഇത്
റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ-
പ്പെടുത്തുവാനും നടപടികൾ
സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി
കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ്
സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ട-
റുകൾ, എസ്.എം.എസുകളുടെ ഉറവി
ടങ്ങൾ എന്നിവ കണ്ടെത്തുവാനായി
പോലീസ് ആസ്ഥാനത്തെ ഹൈ- ടെക്
സെല്ലും , ജില്ലകളിലെ സൈബർ സെല്ലു
കളും കാര്യക്ഷമമായി പ്രവർത്തിക്കു
ന്നുണ്ട്. കൂടാതെ പത്ര- ദൃശ്യ മാധ്യമ
ങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരി
ക്കുന്നതിനായി നടപടികൾ
എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടി
പ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരി
ക്കേണ്ട നടപടികൾ നിഷ്കർഷിച്ചു
കൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവി
കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Mayhel

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 2 27. 6.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ.എ.എ.അസീസ്

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; | എ) | വിഴിഞ്ഞം പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിഴിഞ്ഞം പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ, റെയിൽ റോഡ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. PPP മാതൃകയിൽ തുറമുഖ ഓപ്പറേറ്ററെ കണ്ടെത്തുന്നതിനായി ടെൻഡർ നടപടികളിലൂടെ 12 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും പ്രസ്തുത ടെൻഡർ നടപടികൾ 2011 ജൂലൈ/ആഗസ്റ്റോടെ പൂർത്തികരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. EPC -യിൽ ഉൾപ്പെടുന്ന ബ്രേക്ക് വാട്ടർ നിർമ്മാണം, റിക്ലമേഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ 2012 ൽ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുവാൻ സാധിക്കും. ഇതിനായി 15-6-2011-ൽ കൂടിയ ബോർഡ് യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ചയ്ക്കെടുക്കുകയും ചെയ്തു. Aecom Ltd. എന്ന കമ്പനിയെ EPC കൺസൾട്ടന്റായി നിയമിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് SBT യുടെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിക്കുന്നതിന് 2011 ഫെബ്രു |

| | | | |
|---|---|---|---|
| | | | വരിയിൽ SBT യുമായി എഗ്രിമെന്റിൽ ഏർപ്പെടുകയു ണ്ടായി. അതിൻപ്രകാരം 17 ധനകാര്യ സ്ഥാപനങ്ങൾ 300 കോടി രൂപയുടെ വായ്പ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. അന്തർദ്ദേശീയ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. തുറമുഖത്ത് നിന്ന് തിരുവനന്തപുരം-നാഗർകോവിൽ BG Line- ൽ ബാലരാമപുരം-നെയ്യാറ്റിൻകര വരെയുള്ള 10 കി.മി. ദൂരം വരുന്ന റെയിൽപാത നിർമ്മാണത്തിന് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിന് RVNL നെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. RVNL Survey റിപ്പോർട്ട് ഉടനെതന്നെ ലഭ്യമാകുന്നതാണ്. 2 കി.മി. വരുന്ന തലക്കോട് മുതൽ മുല്ലൂർ വരെയുള്ള 4 വരി പാതയുടെ നിർമ്മാണത്തിനുള്ള DPR, DRIQ Board തയ്യാറാക്കി വരുന്നു. KSTP യുടെ സഹകരണത്തോടെ 30 കി.മി. ദൈർഘ്യം വരുന്ന കളിയിക്കാവിള-പൂവാർ-വിഴിഞ്ഞം-കോവളം റോഡ് പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിവരുന്നു. ശുദ്ധജല വിതരണ പദ്ധതിയ്ക്കായി ടെൻഡർ award നടപടികൾ Kerala Water Authority സ്വീകരിച്ചുവരുന്നു. റോഡ്, ബാക്ക് അപ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പുരോഗമിയ്ക്കുന്നു. വെയർ ഹൗസിംഗിനായി സർവ്വെ നടപടികൾ പൂർത്തിയാക്കി ,ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വില നിർണ്ണയം നടത്തിവരുന്നു. പാരിസ്ഥിതികാനുമതിയ്ക്കായുള്ള പഠനം നടത്തുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിച്ച Form 1 & ToR 23-6-2011-ൽ കൂടിയ Expert Appraisal Committee പരിഗണിക്കുകയുണ്ടായി. |
| ബി | ഈ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | ബി | ലാൻഡ് ലോർഡ് മോഡലിൽ BoT ഓപ്പറേറ്ററെ സ്വകാര്യ പങ്കാളിത്തത്തോടു കൂടി കണ്ടെത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| സി | പദ്ധതി എന്നത്തേക്ക് പ്രാബല്യത്തിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | സി | 2015-ഓടു കൂടി പ്രാബല്യത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി | പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ ഏതു ഘട്ടം വരെയായി എന്നും ഭൂമി ഏറ്റെടുക്കുമ്പോൾ സ്ഥലം ഉടമകൾക്ക് നൽകുന്ന നഷ്ടപരിഹാരം എത്രയാണെന്നും വ്യക്തമാക്കുമോ ? | ഡി | 2 കിലോ മീറ്റർ ദൈർഘ്യമുള്ള റോഡ് കണക്ടിവിറ്റിക്കായി 7.45 ഹെക്ടർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കപ്പ്, ട്രങ്ക് ടെർമിനൽ എന്നിവയ്ക്കായുള്ള ഭൂമി ഏറ്റെടുത്തുവരുന്നു. 29-05-2010 ലെ ജി.ഒ(എം.എസ്) 42/10/മതുവ പ്രകാരമുള്ള പാക്കേജിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. വിഴിഞ്ഞം പദ്ധതി സ്ഥലമെടുപ്പിനായി പ്രഖ്യാപിച്ച പാക്കേജ് ചുവടെ ചേർക്കുന്നു.<br>1) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വില, വസ്തു ഉടമകളുമായി ജില്ലാതല വസ്തു വാങ്ങൽ കമ്മിറ്റി ചർച്ചയിലൂടെ കാറ്റഗറി തിരിച്ച് നിശ്ചയിച്ച് ഉറപ്പിച്ച ശേഷം വില നൽകി വസ്തുകൈമാറ്റ ആധാരം രജിസ്റ്റർ ചെയ്യുന്നു.<br>2) ഏറ്റെടുക്കുന്ന വസ്തുവിലുള്ള കെട്ടിടങ്ങൾക്കും മറ്റു നിർമ്മിതികൾക്കും അവയുടെ പഴക്കം കണക്കാക്കാതെയുള്ള പി.ഡബ്ല്യു.ഡി നിരക്കിനൊപ്പം 50% വർദ്ധിപ്പിച്ച തുക കൂടി നൽകുന്നു. എന്നാൽ ഏറ്റെടുക്കുന്ന വീടുകളുടെ ഏറ്റവും കുറഞ്ഞ മൂല്യം മൂന്ന് ലക്ഷം രൂപയായി നിജപ്പെടുത്തി നൽകുന്നതാണ്.<br>3) വീട് നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് അഞ്ചു സെന്റ് സ്ഥലം സമീപത്തു തന്നെ പുനരധിവാസത്തിന് നൽകുന്നതാണ്. അധികമായി ഏറ്റെടുക്കുന്ന ഭൂമിക്ക് ഡി.എൽ.പി.സി നിശ്ചയിച്ച വില നൽകുന്നതാണ്.<br>4) ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നവർക്ക് ഉപജീവന മാർഗ്ഗ നഷ്ടം, വീട്ടുവാടക എന്നീ ഇനത്തിലായി ഡി.എൽ.പി.സി നിശ്ചയിക്കുന്ന ഇടക്കാലാശ്വാസം 6 മാസത്തേക്ക് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | 5) പുറമ്പോക്കിൽ താമസിക്കുന്ന പട്ടയമില്ലാത്ത കുടുംബങ്ങൾക്ക് പുനരധിവാസത്തിനായി അഞ്ചു സെന്റ് സ്ഥലവും, കെട്ടിടത്തിന്റെ വില പി.ഡബ്ല്യൂ.ഡി ഇപ്പോഴത്തെ നിരക്കിൽ കണക്കാക്കിയതിന്റെ 50% വർദ്ധനയോടൊപ്പം നൽകുന്നതാണ്. എന്നാൽ കൈവശ ഭൂമിക്ക് വില നൽകുന്നതല്ല.<br>6) പദ്ധതി ബാധിതരുടെ കഷ്ടത പരമാവധി കുറയ്ക്കുന്നതിനായി ഡി.എൽ.പി.സി നിശ്ചയിച്ച വില മുൻകൂറായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**GOVERNMENT OF KERALA**

**Abstract**

Port Department- Vizhinjam Port Project- Package for the resettlement and rehabilitation of project affected persons- guidelines to the District Level Purchase Committee- approved- orders issued.

**Fisheries and Port (E) Department**

GO(MS). No 42/10/F&PD Dated , Thiruvananthapuram 29-5-2010 .

Read: 1) GO (MS) No 74/08/F&PD dated 25-11-2008.
2) GO (MS) No 72/09/F&PD dated 07-11-2009.
3) GO (MS) No 3/10/F&PD dated 04-01-2010.

**ORDER**

As per Government order read as 1st paper above Government had ordered that the extent of land to be required for the construction of rail/road connectivity, container yard, work area etc and activity beneficial necessary or incidental for the Vizhinjam Port Project will be 120 hectares. Vizhinjam Port Project was declared as a Fast Track Project as per Government order read as 2nd paper above and a special team under the leadership of Tahsildar and staff of Revenue Department and Survey Department was also constituted for acquisition of 120 hectares of land for Vizhinjam Project. Subsequently, as per Government order read as 3rd paper above the following package was approved for the resettlement and rehabilitation of project affected persons .

1. Land value through negotiated direct purchase
2. Replacement value for the displaced structure as per enhanced Public Works Department schedule of rates.
3. Resettlement sites to be provided in nearby areas.
4. Adequate compensation for the loss of livelihood and income.

(...2)

2) Government have received several petitions and specific queries regarding the award/ compensation to be paid in lieu of the land to be acquired for the Vizhinjam Port Project. Government found that specific recommendations/guidelines are to be issued to the District Level Purchase Committee so that smooth acquisition steps are completed without public resistance .

3) Government have examined the case in detail and are pleased to approve and issue the following detailed guidelines to the District Level Purchase Committee for land acquisition under Fast Track Project for Vizhinjam Port Project.

i Purchase price of land being acquired to be pegged at reasonable and fair value with reference to the market rates . For this purpose District Level Purchase Committee will make specific category wise recommendations after negotiation.

ii Minimum five cents of land to be given in lieu of land having building being surrendered, for the purpose of resettlement. The balance extent above 5 cents will be compensated as visualised in point (1) above.

iii For the structures being surrendered, valuation may be made at enhanced PWD rates. An additional increase of percentage (50%) may be given over and above the PWD schedule of rates. Minimum value of structures will be Rs. 3.00 Lakhs.

iv In order to compensate for (a) loss of income as livelihood (b) transition period rent etc., to tide over in rehabilitation phase, a consolidated hardship allowance equal to 6 months rents payable will be given. District Level Purchase Committee may fix the monthly loss for this purpose in accordance with reasonable income / rent foregone or payable in normal circumstance.

v Squatters or those in possession of land/house without pattas/ documents may also given 5 cents land each for rehabilitation compensation for structures based on Point 4. However, no compensation amount will be paid to them for land.

(...3)

vi Advance payment, arrived at by the DLPC for compensation based on 5 points may be made at the earliest so that there is no delay and consequent hardship to the affected persons.

(By Order of the Governor)
Sanjeev Kaushik
Secretary to Government

To,

(i) The Managing Director and Chief Executive Officer, Vizhinjam International Seaport Limited, Thiruvananthapuram.
(ii) The Land Revenue Commissioner, Thiruvananthapuram
(iii) The District Collector , Thiruvananthapuram.
(iv) The Director Survey and Land Revenue, Thiruvananthapuram.
(v) The Principal Accountant General(A&E)/Audit, Kerala, Thiruvananthapuram.
(vi) The Revenue Department.
(vii) The Finance Department.
(viii) S.F./O.C.

Copy to:- Private Secretary to Minister (Law & Parliamentary Affairs Sports & Youth Affairs and Ports).
Private Secretary to Minister (Revenue).
General Administration (SC) Department (vide item No. 4672 dated, 26.05.2010).

CA to Secretary (Ports).
CA to Additional Secretary (Ports).
Under Secretary (Ports).

Forwarded/ By Order

Section Officer.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 3 — 27. 6.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

**ചോദ്യം**

ശ്രീ. ബി.സത്യൻ
ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ. വി.ശിവൻകുട്ടി
ശ്രീ.ആർ.സെൽവരാജ്

**മറുപടി**

ശ്രീ. കെ.ബാബു
(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കാനുള്ള ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) യും ബി) യും | വിഴിഞ്ഞം പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിഴിഞ്ഞം പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ, റെയിൽ/റോഡ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. PPP മാതൃകയിൽ തുറമുഖ ഓപ്പറേറ്ററെ കണ്ടെത്തുന്നതിനായി ടെൻഡർ നടപടികളിലൂടെ 12 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും പ്രസ്തുത ടെൻഡർ നടപടികൾ 2011 ജൂലൈ/ആഗസ്റ്റോടെ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. EPC യിൽ ഉൾപ്പെടുന്ന ബ്രേക്ക് വാട്ടർ നിർമ്മാണം, റിക്ലമേഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ 2012 ൽ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുവാൻ സാധിക്കും. ഇതിനായി 15-6-2011-ൽ കൂടിയ ബോർഡ് യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ചയ്ക്കെടുക്കുകയും ചെയ്തു. Aecom Ltd. എന്ന കമ്പനിയെ EPC കൺസൾട്ടന്റായി നിയമിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് SBT യുടെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിക്കുന്നതിന് 2011 ഫെബ്രു |
| ബി | ആവശ്യമായ ബാഹ്യപശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് ആരംഭിച്ച കമ്പനി ഇതിനകം എന്തെല്ലാം സംഗതികൾ സജ്ജമാക്കുകയുണ്ടായി ; | | |

| | | | |
|---|---|---|---|
| | | | വരിയിൽ SBT യുമായി എഗ്രിമെന്റിൽ ഏർ ലഭ്യമാക്കുന്നതിന് ബോർഡ് തീരുമാനിച്ചി ട്ടുണ്ട്. തുറമുഖത്ത് നിന്ന് തിരുവനന്തപുരം-നാഗർകോവിൽ BG Line- ൽ ബാലരാമപുരം-നെയ്യാറ്റിൻകര വരെയുള്ള 10 കി.മീ. ദൂരം വരുന്ന റെയിൽപാത നിർമ്മാണത്തിന് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിന് RVNL നെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. RVNL Survey റിപ്പോർട്ട് ഉടനെതന്നെ ലഭ്യമാക്കുന്നതാണ്. 2 കി.മീ. വരുന്ന തലക്കോട് മുതൽ മുല്ലൂർ വരെയുള്ള 4 വരി പാതയുടെ നിർമ്മാണത്തിനുള്ള DPR, DRIQ Board തയ്യാറാക്കി വരുന്നു. KSTP യുടെ സഹകരണത്തോടെ 30 കി.മീ. ദൈർഘ്യം വരുന്ന കളിയിക്കാവിള-പൂവാർ-വിഴിഞ്ഞം-കോവളം റോഡ് പുനരുദ്ധാരണം നടപ്പിലാക്കിവരുന്നു. ശുദ്ധജല വിതരണ പദ്ധതിയ്ക്കായി ടെൻഡർ award നടപടികൾ Kerala Water Authority സ്വീകരിച്ചുവരുന്നു. റോഡ്, ബാക്ക് അപ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പുരോഗമിയ്ക്കുന്നു. വെയർ ഹൗസിംഗിനായി സർവ്വെ നടപടികൾ പൂർത്തിയാക്കി ,ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വില നിർണ്ണയം നടത്തിവരുന്നു. പാരിസ്ഥിതികാനുമതിയ്ക്കായുള്ള പഠനം നടത്തുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിച്ച Form 1 & ToR 23-6-2011-ൽ കൂടിയ Expert Appraisal Committee പരിഗണിക്കുകയുണ്ടായി. |
| സി | എസ്.ബി.ടി.ലീഡ് പാർട്ണർ ആയിട്ടുള്ള ബാങ്ക് കൺസോർഷ്യം എത്ര കോടി രൂപ സമാഹരിക്കാനായിരുന്നു തീരുമാനിച്ചത് ; | സി | എസ്.ബി.റ്റി. ലീഡ് പാർട്ട്ണർ ആയിട്ടുള്ള ബാങ്ക് കൺസോർഷ്യം 300 കോടി രൂപ സമാഹരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി | പദ്ധതിയുടെ പരിസ്ഥിതി അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷ എത്രഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ നിരസിക്കുകയുണ്ടായി ; നിരസിക്കുന്നതിന് പറഞ്ഞ കാരണങ്ങൾ വിശദമാക്കുമോ ; | ഡി | പദ്ധതിയുടെ പരിസ്ഥിതി അനുമതിക്കായി 5-10-2010 ന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ 4 തവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി താഴെ പറയും പ്രകാരം യോഗം ചേർന്ന് പരിഗണിക്കുകയുണ്ടായി.<br>ജനുവരി 18, 2011 ഒന്നാം തവണ<br>മെയ് 11, 2011 രണ്ടാം തവണ<br>മെയ് 31, 2011 മൂന്നാം തവണ<br>ജൂൺ 23, 2011 നാലാം തവണ<br>യോഗ നടപടിക്രമത്തിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ | പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള എക്സ്പർട്ട് അപ്രൈസൽ കമ്മിറ്റി അതിന്റെ നൂറാമത് യോഗത്തിൽ എടുത്ത തീരുമാനം എന്തായിരുന്നു ; സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | ഇ | എക്സ്പർട്ട് അപ്രൈസൽ കമ്മിറ്റിയുടെ 100-ാമത് യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| എഫ് | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി വിഴിഞ്ഞം സന്ദർശിച്ചതിനു ശേഷം നടത്തിയ ഉന്നതതല യോഗത്തിൽ ഇക്കാര്യത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | എഫ് | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേരള സർക്കാർ നിലവിൽ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് തന്നെ പോർട്ട് നിർമ്മിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനത്തിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമെന്നാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി വിഴിഞ്ഞം സന്ദർശിച്ചതിനുശേഷം നടത്തിയ ഉന്നതതല യോഗത്തിൽ പറഞ്ഞത്.<br>സൈറ്റ് സ്പെസിഫിക് ആയിട്ടുള്ള ടേംസ് ഓഫ് റഫറൻസ് ജൂൺ 23-ാം തീയതി നടന്ന എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി ചർച്ചക്കെടുക്കുകയുണ്ടായി. യോഗ മിനിട്ട്സ് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 4 — 27. 06. 2011 - ൽ മറുപടിക്ക്

## വിജിലൻസ് കേസുകളിലെ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ. എസ്.രാജേന്ദ്രൻ:<br>ശ്രീ. പി.റ്റി.എ. റഹിം:<br>ശ്രീ. പുരുഷൻ കടലുണ്ടി: | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| **(എ)** വിജിലൻസ് കേസുകളുടെ നിലവിലുള്ള നടപടി ക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | **(എ ) യും (ബി) യും**<br>സർക്കാരിന്റെ പരിഗണനയിലില്ല. |
| **(ബ)** ഇപ്പോൾ കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ ഇത് ബാധകമാക്കാനുദ്ദേശിക്കുന്നുണ്ടോ ; | |
| **(സി )** വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച ഏതെല്ലാം കേസുകളിലാണ് ഇതിനകം പുനരന്വേഷണത്തിന് തീരുമാനം എടുത്തതെന്ന് വെളിപ്പെടുത്തുമോ ? | **(സി)** വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച ഒരു കേസിലും പുനരന്വേഷണത്തിന് തീരുമാനം എടുത്തിട്ടില്ല. എന്നാൽ പാമോയിൽ കേസിൽ തുടരന്വേഷണത്തിന് കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 5** | **27.06.2011 ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.പി.ദിവാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) പരിസ്ഥിതി ആഘാത നിർണ്ണയ സമിതി രൂപീകരിക്കുന്നതിനു തീരുമാനിച്ച്, അതിനാവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപനത്തിന്റെ (14.09.2006 ലെ എസ്.ഒ.1533) ന്റെ ഷെഡ്യൂളിൽ 'ബി ' വിഭാഗത്തിൽപെടുന്ന പദ്ധതികൾക്ക് മുൻകൂർ പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചു തീരുമാനമെടുക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. |
| (ബി) ഈ അതോറിറ്റിയോടനുബന്ധിച്ചു വിദഗ്ദ്ധ വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഈ സമിതിയിൽ ഔദ്യോഗിക അനൗദ്യോഗിക അംഗ | (ബി) ഉണ്ട്. സംസ്ഥാനതല വിദഗ്ദ്ധ വിലയിരുത്തൽ സമിതി (SEAC) രൂപീകരിക്കുന്നതിനു തീരുമാനിച്ചി |

| | | | |
|---|---|---|---|
| | ങ്ങൾ എത്ര വീതമുണ്ട്; അവർ ആരെല്ലാം; അവർ ഏതെല്ലാം പ്രവർത്തന മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ; | | ട്ടുണ്ട്. നാമനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരിക്കയാണ്. |
| (സി) | ഈ വിദഗ്ദ്ധ സമിതിയിലെ നാമനിർദ്ദേശങ്ങളെപ്പറ്റിയുണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുമോ ? | (സി) | ഉണ്ട്. നാമനിർദ്ദേശങ്ങൾ പരിഗണിച്ച് ഉത്തരവു പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |

അഡീഷണൽ സെക്രട്ടറി

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 6 — 27.06.2011 - ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. റ്റി. എം. ജേക്കബ്<br>( ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ആശങ്കാജനകമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനെ പ്രതിരോധിച്ചുകൊണ്ടിരുന്ന സർക്കാർ സംവിധാനങ്ങളെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില ആശങ്കാജനകമാണെന്ന് പറയാനാവില്ല; നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) വിലക്കയറ്റത്തിനിടയാക്കുന്ന പ്രമുഖ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; വിലക്കയറ്റത്തിന് ഇടയാക്കുന്ന ഊഹക്കച്ചവടത്തിനും അവധി വ്യാപാരത്തിനുമെതിരെ നടപടി എടുക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ ആവശ്യകത നിറവേറ്റപ്പെടുന്നത് മിക്കവാറും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ്. ഉല്പാദനകേന്ദ്രങ്ങളിൽ ഉല്പന്നങ്ങളുടെ ലഭ്യതക്കുറവ്, വിപണിയിലെ ഏറ്റക്കുറച്ചിലുകൾ, കടത്തുകൂലിയിലെ വർദ്ധനവ്, സംഭരണ വിതരണ സംവിധാനങ്ങളിലെ ചെലവുകൾ എന്നിവയൊക്കെ വിലക്കയറ്റത്തിനിടയാക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കാനുള്ള പ്രവണതകൾക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് ജാഗ്രത പുലർത്തി വരുന്നു. കേന്ദ്രസർക്കാരിന്റെ സഹായസഹകരണത്തോടെ പൊതുവിതരണ ശൃംഖലയിലൂടെ അവശ്യസാധനങ്ങൾ ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമാകുന്ന നയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്താൻ കഴിയുമെന്നും സർക്കാർ കരുതുന്നു. |

(തുടർച്ച.....2)

(സി) വിലക്കയറ്റം തടയുന്നതിന് മുൻസർക്കാർ കൈക്കൊണ്ട ആശ്വാസ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിലക്കയറ്റം തടയുന്നതിന് മുൻസർക്കാർ ആവിഷ്ക്കരിച്ചതും വിലക്കയറ്റം തടയുവാൻ പര്യാപ്തവുമായ നടപടികൾ ഉണ്ടെങ്കിൽ അവ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) എ.പി.എൽ/ബി.പി..എൽ വ്യത്യാസമില്ലാതെ മുൻസർക്കാർ രണ്ട് രൂപയ്ക്ക് അരി നൽകിയിരുന്നുവോ; ഇപ്പോൾ അത് തുടരുന്നുണ്ടോ; ഇപ്പോൾ പ്രഖ്യാപിച്ച ഒരു രൂപയ്ക്കുള്ള അരി ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ മുൻസർക്കാർ നൽകിയ മാതൃകയിൽ എല്ലാ വിഭാഗങ്ങൾക്കും ഇത് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ചില നിബന്ധനകൾക്ക് വിധേയമായി എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ രണ്ടു രൂപയ്ക്ക് അരി നൽകാൻ മുൻസർക്കാർ തീരുമാനം നിലനിൽക്കുന്നു. സർക്കാർ പുതുതായി പ്രഖ്യാപിച്ച ഒരു രൂപയ്ക്കുള്ള അരി ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്കും അനാഥർക്കും ഓണം മുതൽ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം എല്ലാ വിഭാഗങ്ങൾക്കും നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 — 27.6.2011-ൽ മറുപടിക്ക്

# പുതിയ ബീവറേജസ് വില്പനശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | |
| ശ്രീ.പി.കെ.ഗുരുദാസൻ | |
| ശ്രീ.സാജു പോൾ | ശ്രീ.കെ.ബാബു |
| ശ്രീ.എ.പ്രദീപ്കുമാർ | (എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് പുതുതായി ബീവറേജസ് വില്പനശാലകൾ തുറക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം; അല്ലെങ്കിൽ ഈ തീരുമാനം എടുക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. ജനങ്ങളുടെ മദ്യാസക്തിയും, മദ്യ ഉപഭോഗവും കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടക്കമായിട്ടാണ് പുതിയ വില്പനശാലകൾ തുറക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. |
| (ബി) ബീവറേജസ് കോർപ്പറേഷൻ പുതുതായി വില്പനശാലകൾ തുറക്കുന്നതിനായി ശ്രമം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ അവ വേണ്ടെന്ന് വെച്ചത് എന്തു കൊണ്ട് ; | (ബി) ഉണ്ട്. സംസ്ഥാനത്ത് പുതിയ 24 വില്പനശാലകൾ തുറക്കാൻ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് അനുമതി കൊടുത്തിരുന്നു. ഇതിൽ 9 വില്പനശാലകൾ തുടങ്ങുന്നതിനുള്ള എലുക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എലുക വിജ്ഞാപനം പുറപ്പെടുവിക്കാത്ത 15 വില്പനശാലകൾ, മദ്യ ഉപഭോഗം കുറയ്ക്കുക എന്ന നയത്തിന്റെ ഭാഗമായി, ഇനി ഒരു ഉത്തരവ് പുറപ്പെടുവിക്കും വരെ തുടങ്ങേണ്ടതില്ലെന്നു തീരുമാനിച്ചു. |

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള വില്പനശാല വേണ്ടെന്ന് വച്ച് എന്തെല്ലാം സ്ഥല ങ്ങളിലാണ് ഇപ്പോൾ ബാറുകൾ പ്രവർത്തിക്കുന്നത് ; | (സി) | നിലവിൽ പ്രവർത്തിച്ചു കൊണ്ടിരി ക്കുന്ന വില്പനശാലകൾ ഒന്നും തന്നെ നിർത്തൽ ചെയ്തിട്ടില്ല. വില്പനശാലകൾ പുതുതായി തുടങ്ങേണ്ടതില്ലെന്നു തീരു മാനിച്ച 15 സ്ഥലങ്ങളിൽ, ഏനാത്ത്, ചെറുതോണി, നെല്ലാട്, പട്ടിക്കാട് എന്നീ സ്ഥലങ്ങളിൽ ഒന്നു വീതവും, അടിമാലി, ചാലക്കുടി എന്നിവിടങ്ങ ളിൽ 3 ബാറുകൾ വീതം പ്രവർത്തിക്കു ന്നു. ശേഷിച്ച 9 സ്ഥലങ്ങളിൽ ബാറുകൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) | സംസ്ഥാനത്തെ നിലവിലുള്ള വിപ നണ കേന്ദ്രങ്ങൾ അടച്ചു പൂട്ടാൻ ഉദ്ദേശമുണ്ടോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

പ്രാദേശികമായി, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരിൽ നിന്നും മറ്റും പുതിയ റീട്ടെയിൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള ആവശ്യം ലഭിച്ചാൽ അതിന്മേൽ സാദ്ധ്യതാ പഠനം നടത്തി ആയതിന്റെ വെളിച്ചത്തിൽ അനുമതി നൽകി വന്നിരുന്നു. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി 24 പുതിയ ഷോപ്പുകൾ തുടങ്ങുന്ന തിനു 31.3.2011 വരെ ഇപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 ഷോപ്പുകൾ തുട ങ്ങുന്നതിനുള്ള എലുക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം ഇതോ ടൊപ്പം അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു. നേരത്തെ അനുവദിച്ച 24 പുതിയ ഷോപ്പുകളിൽ എലുക വിജ്ഞാപനം പുറപ്പെടുവിച്ചവയൊഴികെയുള്ള 15 ഷോപ്പുകൾ തൽക്കാലം തുടങ്ങേണ്ടതില്ലെന്നു തീരുമാനിച്ചു.

സെബാസ്റ്റ്യൻ പോൾ

⑦

Sectt. 3/45/2010/5 lakhs GPM. © Govt. of Kerala

11667

GOVERNMENT OF KERALA

No.9846/G1/2011/TD.

Taxes (G) Department,
Thiruvananthapuram,
Dated, 01-06-2011.

KERALA STATE BEVERAGES (M&M) CORPORATION LIMITED
REGD. OFFICE. THIRUVANANTHAPURAM
04 JUN 2011

| MD | Secy | FM |
|---|---|---|
| IA | GM(Admn) | RM |
| Ac.O | Sr. Mgr | |

From

The Secretary to Government.

To

The Managing Director,
Kerala State Beverages Corporation,
Thiruvananthapuram.

Sir,

Sub:- Taxes Department – Excise – Starting of new FL-1 Shops - Reg.

Ref:-
1. G.O.(Rt) No.9/10/TD dated 04-01-2010 - Pariyaram.
2. G.O.(Rt) No.69/10/TD dated 27-01-2010 - Meenakshipuram.
3. G.O.(Rt) No.844/10/TD dated 08-10-2010 - Maloor.
4. G.O.(Rt) No.894/10/TD dated 21-10-2010 - Cheruthoni.
5. G.O.(Rt) No.1053/10/TD dated 17-12-2010 - Pattikkad.
6. G.O.(Rt) No.720/10/TD dated 31-08-2010 - Panathady & Nagaroor.
7. G.O.(Rt) No.242/07/TD dated 26-03-2007 - Aryankavu.
8. G.O.(Rt) No.138/07/TD dated 19-06-2007 - Enathu & Adimaly.
9. G.O.(Rt) No.163/07/TD dated 23-07-2007 - Kallachi.
10. G.O.(Rt) No.9/08/TD dated 03-01-2008. - Nellad.
11. G.O.(Rt) No.926/08/TD dated 06-10-2008 - Chalakkudy & Thannermukkom.
12. G.O.(Rt) No.330/10/TD dated 07-04-2010 - Poonjar.

....................

As per the Government orders cited, sanction was accorded to the Managing Director, Kerala State Beverages Corporation, to start new FL-1 shops in various places including the following.

Pariyaram in Thrissur Dist., Meenakshipuram in Palakkad Dist., Maloor in Kannur Dist., Cheruthoni in Idukki Dist., Pattikkad in Thrissur Dist., Panathady in Kasaragod Dist., Nagaroor in Trivandrum Dist., Aryankavu in Ernakulam Dist., Enathu in Pathanamthitta Dist., Adimaly in Ernakulam Dist., Kallachi in Kozhikode Dist., Nellad in Ernakulam Dist., Chalakkudy in Thrissur Dist., Thannermukkom in Alappuzha Dist. and Poonjar in Kottayam Dist.

It is found that the eluga notifications in respect of the above 12 FL-1 shops have not been issued so far.

The M.D., K.S.B.C. is, therefore, directed not to proceed with the starting of the aforesaid 12 FL-1 shops until further orders.

Yours faithfully,
Sd/-
Hari P. Nair,
Under Secretary,
For Secretary to Government.

Approved for issue,

Section Officer.

അനുബന്ധം.

## A. List of shops for which Eluga is notified

| # | New FL-1 Retail Shops Sanctioned by Government | SRO Nos. fixing the Eliga for the Shops |
|---|---|---|
| 1 | Anayadi in Kollam District | No.1111/2009, dated 23.12.2009 |
| 2 | Vagamon in Idukki District | |
| 3 | Kuttampuzha in Eranakulam District | |
| 4 | Elavumthitta in Pathanamthitta | No.115/2010, dated 04.02.2010 |
| 5 | Koodal in Pathanamthitta District | |
| 6 | Channapetta in Kollam District | No.250/2010, dated 11.03.2010 |
| 7 | Thrikkakkara in Ernakulam District | |
| 8 | Iritty in Kannur District | No.501/2010 dated 24.05.2010 as corrected by No.1012/2010, dated 04.11.2010 |
| 9 | Nettithozhu in Idukki District | No.1170/2010, dated 02.12.2010 |

## B. List of shops sanctioned for which eluga notification is pending

| | | |
|---|---|---|
| 1 | Pariyaram in Thrissur Distrcit | GO (Rt.) No. 9/2010/TD dated 4/1/2010 |
| 2 | Mennakshipuram in Palakkad Dt. | GO (Rt.) No.69/2010/TD dated 27/1/2010 |
| 3 | Maloor in Kannur Districtoo | GO (Rt.) No.844/2010/TD dated 8/10/2010 |
| 4 | Cheruthoni in Iduuki District | GO (Rt.) No.894/2010/TD dated 21/10/2010 |
| 5 | Pattikkad in Thrissur District | GO (Rt.) No.10532010/TD dated 17/12/2010 |
| 6 | Panathady in Kasaragod Dt. and Nagaroor in Trivandrum Dt. | GO (Rt.) No.720/2010/TD dated 31/8/2010 |
| 7 | Arayankavu, Ernakulam Dt. | GO (Rt.) No.242/07/TD dated 26/3/2007 |
| 8 | Enathu in Pathanamthitta Dt, Adimaly in Ernakulam Dt | GO (Rt.) No.138/07/TD dated 19/6/2007 |
| 9 | Kallchi in Kozhikod Dt | GO (Rt.) No.163/07/TD dated 23/7/2007 |
| 10 | Nellad in Ernakulam | GO (Rt.) No.9/08/TD dated 3/1/2008 |
| 11 | Chalakkudy i(2nd shop) n Trissur Dt. And Thannermukkom in Alappuzha | GO (Rt.) No.926/08/TD dated 6/10/2008 |

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 8** **27.06. 2011-ൽ മറുപടിക്ക്.**

## കമ്മ്യൂണിറ്റി പോലീസിങ്ങ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ശശി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കമ്മ്യൂണിറ്റി പോലീസിങ്ങ് എന്നുമുതലാണ് ആരംഭിച്ചത് ; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | : | (എ) കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചത് 26.03.2008-ലാണ്. കുറ്റകൃത്യങ്ങൾ തടയുക, മെച്ചപ്പെട്ട പോലീസ്-പൊതുജന സഹകരണം ഉറപ്പ് വരുത്തുക, ജനങ്ങളുടെയും, പ്രദേശത്തിന്റെയും സുരക്ഷ ഉറപ്പ് വരുത്തുക, സുരക്ഷാ മേഖലയിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് പൊതുജന പങ്കാളിത്തത്തോടുകൂടി വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതി നടപ്പിലാക്കിയത്. യുവാക്കളിൽ കമ്മ്യൂണിറ്റി പോലീസിങ്ങിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുക, ഭീകരതയ്ക്കും, മദ്യത്തിനും, മയക്കുമരുന്നിനുമെതിരായ സെമിനാറുകൾ സംഘടിപ്പിക്കുക, സാമൂഹ്യ വിരുദ്ധശക്തികൾക്കെതിരെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. |

(മറുപുറം)

| | | |
| --- | --- | --- |
| (ബി) എത്ര പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതി തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | : | (ബി) സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-9 27.06.2011- ൽ മറുപടിക്ക്

## സർക്കാർ കേസുകൾ വാദിക്കുന്നതിന് പുറത്തുനിന്നുള്ള അഭിഭാഷകരെ നിയോഗിക്കുന്നതിനുള്ള സംവിധാനം

ചോദ്യം

*9 ശ്രീ. പി.സി. ജോർജ്ജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | സുപ്രീം കോടതിയിലും കേരള ഹൈക്കോടതിയിലും സംസ്ഥാന സർക്കാരിനുവേണ്ടി കേസുകൾ വാദിക്കുന്നതിന് പുറത്തു നിന്നുള്ള അഭിഭാഷകരെ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര തവണ നിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ; | താഴെ പറയുന്ന സീനിയർ അഭിഭാഷകരെ 288 കേസുകൾ വാദിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ അംഗീകൃത പാനലിലുള്ള ശ്രീമാൻമാരായ ടി.എൽ. വിശ്വനാഥ അയ്യർ, കെ. പരാശരൻ, പി.പി. റാവു, കെ. കെ. വേണുഗോപാൽ, ഗോപാൽ സുബ്രഹ്മണ്യം എന്നിവർ 156 കേസിലും ശ്രീമാൻമാരായ എം.എൽ. വർമ്മ, സി.എസ്.രാജൻ, സി.എസ്. വൈദ്യനാഥൻ, നാഗേശ്വര റാവു, പി. കൃഷ്ണമൂർത്തി, ജയദീപ് ഗുപ്ത, ജെ.സി.ഗുപ്ത, സോളി സൊറാബ്ജി, മരിയാർപ്പുതം, പരംജിത് സിങ് പട്വാലിയ, യശോ ബന്ത് ദാസ്, ടി.ആർ. അന്ത്യാർജ്ജുന, അരവിന്ദ് വി. സാവന്ത്, കെ.എൻ.ഭട്ട്, വി.ഗിരി, അനിൽ ദിവാൻ, ദിനേശ് ദ്വിവേദി, രാകേഷ് ദ്വിവേദി, വി. ശേഖർ, രാജു രാമചന്ദ്രൻ, അശോക്. എച്ച്. ദേശായി, രാജീവ് ധവാൻ, രജീന്ദ്ര സച്ചാർ, യു.വി.ലലിത്, അൽത്താഫ് അഹമ്മദ്, ജി.ഇ.വാഹൻവദി. ശാന്തി |

| | | |
|---|---|---|
| | | ഭൂഷൺ, ആർ വെങ്കിട്ട രമണി എന്നീ സീനിയർ അഭിഭാഷകർ 132 കേസുകളിലും വാദിക്കുന്നതിനുമായിട്ടാണ് നിയോഗിക്കപ്പെട്ടത്.<br>കേരള ഹൈക്കോടതിയിൽ 13 സർക്കാർ കേസുകൾ വാദിക്കുന്നതിനായി പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. സീനിയർ അഭിഭാഷകരായ ശ്രീമാൻമാരായ എ. മജുംദാർ, അമരേന്ദ്ര ശരൺ, സി.എസ്. വൈദ്യനാഥൻ, നിദീഷ് ഗുപ്ത, ദേബി പ്രസാദ് പാൽ, ജയദീപ് ഗുപ്ത, ആർ.കെ. ആനന്ദ്, ആർ. വെങ്കിട്ട രമണി, രജീന്ദ്ര സച്ചാർ, അരവിന്ദ് പി. ദത്തർ എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളത്. |
| (ബി) | ഈ ഇനത്തിൽ ചെലവഴിച്ച തുകയെത്രയാണ്; | ഈ ഇനത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്ന് 3,79,03,353/- (മൂന്ന് കോടി എഴുപത്തി ഒൻപത് ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപയും നികുതി വകുപ്പിൽ നിന്ന് 23,88,611/- (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തിഎണ്ണായിരത്തി അറുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയും എൻട്രൻസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് 44,20,470/- (നാൽപ്പത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി നാന്നൂറ്റി എഴുപത് രൂപ മാത്രം)രൂപയും ഉൾപ്പെടെ മൊത്തം 4,47,12,434/- (നാല് കോടി നാൽപ്പത്തി ഏഴ് ലക്ഷത്തിപന്ത്രണ്ടായിരത്തി നാന്നൂറ്റി മുപ്പത്തിനാല് രൂപ മാത്രം) രൂപ ചിലവഴിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിന്നും നൽകിയ 3,79,03,353/-( മൂന്നു കോടി എഴുപത്തി ഒൻപതു ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപയിൽ 2,38,02,380/- (രണ്ട് കോടി മുപ്പത്തിഎട്ട് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം)രൂപ |

പാനലിലില്ലാത്ത അഭിഭാഷകർക്കും 1,41,00,973/-(ഒരു കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തി തൊള്ളായിരത്തി എഴുപത്തിമൂന്ന് രൂപ് മാത്രം) രൂപ അംഗീകൃത പാനലിലുള്ള അഭിഭാഷകർക്കും നൽകിയിട്ടുള്ളതാണ്.

കൂടാതെ വിവിധ ഭരണ വകുപ്പുകൾ നൽകിയിട്ടുള്ള വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വനം വന്യജീവി വകുപ്പ്:- സുപ്രീം കോടതിയിലും കേരളാ ഹൈക്കോടതിയിലും സംസ്ഥാന സർക്കാരിനു വേണ്ടി വനം കേസുകൾ വാദിക്കുന്നതിന് സർവ്വശ്രീ. റ്റി.എൽ. വിശ്വനാഥഅയ്യർ, ജയദീപ് ഗുപ്ത എന്നീ അഭിഭാഷകരെ നിയോഗിച്ചിരുന്നു. ഹാരിസൺ മലയാളം ലിമിറ്റഡുമായി നടന്ന സിവിൽ അപ്പീൽ 309/2003, 310/2003 പോപ്പുലർ പ്ലാന്റേഷനുമായി നടന്ന എസ്.എൽ.പി. 4207/2009 എന്നീ കേസുകളിലാണ് അവരെ നിയോഗിച്ചത്. എത്ര തവണ ഹാജരായി എന്നതും ചിലവഴിച്ച തുകയെ സംബന്ധിച്ചും പ്രസ്തുത വകുപ്പിൽ വിവരം ലഭ്യമല്ല.

2. ജലവിഭവ വകുപ്പ്:- സുപ്രീം കോടതിയിൽ നിലവിലുള്ള അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട കേസുകളിൽ ഗവൺമെന്റ് അഡ്വക്കേറ്റുമാർക്കു പുറമേ താഴെ പറയുന്നവരെ കൂടി ജലവിഭവ വകുപ്പ്(ഐഎസ്ഡബ്ല്യുസി) നിയോഗിച്ചിട്ടുണ്ട്:-

1. ശ്രീ. ഹരീഷ് എൻ. സാൽവേ-22 സിറ്റിംഗ്.
2. ശ്രീ. വി. ഗിരി - 10 സിറ്റിംഗ്
3. ശ്രീ. രാജീവ് ധവാൻ- 17 സിറ്റിംഗ്
4. ശ്രീ. മോഹൻ.വി.കട്ടർക്കി -31 സിറ്റിംഗ്
5. ശ്രീ. അപരാജിതാ സിംഗ് - 10 സിറ്റിംഗ്

ഫീസിനത്തിൽ ആകെ - 2,37,87,015/- (രണ്ട് കോടി മുപ്പത്തി ഏഴ് ലക്ഷത്തി എൺപത്തി ഏഴായിരത്തി പതിനഞ്ച് രൂപ മാത്രം) ചെലവാ

യിട്ടുണ്ട്. ഇനി തുകയൊന്നും കൊടുത്തു തീർക്കാനില്ല.

3. ടൂറിസം വകുപ്പ്:- കോവളം കൊട്ടാരം സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 31820/2005 നമ്പർ കേസിൽ സുപ്രീംകോടതിയിലെ അഭിഭാഷകനായ ശ്രീ. സി.എസ്.വൈദ്യനാഥൻ രണ്ടു പ്രാവശ്യവും പ്രസ്തുത കേസിലെ വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ 250/2011-മായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലെ മറ്റൊരു അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയും കേരളാ ഹൈക്കോടതിയിൽ ഹാജരായിട്ടുണ്ട്. ഈ ഇനത്തിൽ 4,15,041/- (നാല് ലക്ഷത്തി പതിനയ്യായിരത്തി നാൽപ്പത്തി ഒന്ന് രൂപ മാത്രം) രൂപ ചിലവായിട്ടുണ്ട്. 1,21,986/- (ഒരു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി ആറ് രൂപ മാത്രം) രൂപ ഇനി കൊടുത്തു തീർക്കാനുണ്ട്.

4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്:- ഐ.എം.ജി-യുമായി ബന്ധപ്പെട്ട കേസുകൾ കേരളാ ഹൈക്കോടതിയിൽ വാദിക്കുന്നതിനായി അഡ്വക്കേറ്റ് ശ്രീ. ആർ.എസ്. കൾക്കുറയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം ഫീസിനത്തിൽ 94,117/- (തൊണ്ണൂറ്റി നാലായിരത്തി നൂറ്റിയേഴ് രൂപ മാത്രം) രൂപ ചിലവഴിച്ചിട്ടുണ്ട്. ഇനി തുകയൊന്നും കൊടുത്തു തീർക്കാനില്ല.

5. ഉന്നത വിദ്യാഭ്യാസ വകുപ്പ്:- രണ്ടുതവണ പുറത്തുനിന്നുള്ള അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. വക്കീൽ ഫീസിനത്തിൽ 16-10-2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1379/2006/ഉവിവ, 04-11-2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1670/2006/ഉവിവ ഉത്തരവുകൾ പ്രകാരം അഡ്വ.സി.

| | | |
|---|---|---|
| | | എൻ. വൈദ്യനാഥന് 29,10,482/- (ഇരുപത്തിയൊൻപത് ലക്ഷത്തി പതിനായിരത്തി നാന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) രൂപയും ശ്രീ.പി.വി. ദിനേശിന് (സ്റ്റാന്റിംഗ് കൗൺസൽ) 7893/- (ഏഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപയും നൽകിയിട്ടുണ്ട്. വക്കീൽ ഫീസിനത്തിൽ ഇവർക്ക് ഇതുവരെ 29,18,375/- (ഇരുപത്തിയൊൻപത് ലക്ഷത്തി പതിനെണ്ണായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്.<br>6. നികുതി വകുപ്പ്:- സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ വാദിക്കുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള 3 അഭിഭാഷകരേയും, ഗവൺമെന്റ് അംഗീകരിച്ച പാനലിൽപ്പെട്ടവർ കൂടാതെ 132 കേസുകൾ വാദിക്കുന്നതിനായി പുറത്തു നിന്നുള്ള അഭിഭാഷകരേയും നിയോഗിച്ചിട്ടുണ്ട്. കേരളാ ഹൈക്കോടതിയിൽ 13 സർക്കാർ കേസുകൾ വാദിക്കുന്നതിനായി പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പുറത്തു നിന്നുള്ള അഭിഭാഷകർക്കു മാത്രം ( സ്റ്റാന്റിംഗ് കൗൺസൽ, ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള പാനൽ എന്നിവ കൂടാതെ) അഡ്വക്കേറ്റ്ജനറൽ ആഫീസിൽ നിന്നും 2,38,07,380/- (രണ്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) രൂപ ചിലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ ഉത്തരവുകൾ പ്രകാരം വാണിജ്യ നികുതി വകുപ്പിൽ നിന്നും 2006 മുതൽ 2011 മേയ് വരെ 6 അഡ്വക്കേറ്റുമാർക്ക് 2,44,97,452/-(രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി നാനൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. ഇനി എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്നുള്ളത് |

| | | |
|---|---|---|
| | | കൃത്യമായി കണക്കാക്കിയിട്ടില്ല. |
| | | 7. മൽസ്യബന്ധന തുറമുഖ വകുപ്പ്:- തുറമുഖ വകുപ്പിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ബഹു. ഹൈക്കോടതിയിൽ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കേസുകൾ വാദിക്കുന്നതിന് പുറത്തു നിന്നുള്ള അഭിഭാഷകരെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 2 തവണ നിയോഗിച്ചിട്ടുണ്ട്. അഡ്വ. ശ്രീ. ഗോപാല കൃഷ്ണ കുറുപ്പിന് 1,15,000/-(ഒരു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപ ഫീസിനത്തിൽ നൽകിയിട്ടുണ്ട്. ഇനി തുക നൽകാനില്ല.<br>8. ആഭ്യന്തര വകുപ്പ്:- സംസ്ഥാന സർക്കാരിനു വേണ്ടി ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ 29124/2005, റിട്ട് പെറ്റീഷൻ 32298/2006 എന്നീ കേസുകളിൽ അഡ്വ.ശ്രീ. സി.എസ്. വൈദ്യനാഥൻ, റിട്ട് പെറ്റീഷൻ നമ്പർ 33393/2006 എന്ന കേസിൽ അഡ്വ. ശ്രീ. ആർ.കെ. ആനന്ദ് എന്നിവർ ഹാജരായി. അഡ്വ.ശ്രീ. സി.എസ്. വൈദ്യനാഥന് 4.40,000/- (നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപ ഫീസ്, വിമാനയാത്രാ ചിലവ് 59,140/- (അൻപത്തിയൊൻപതിനായിരത്തി നൂറ്റി നാൽപ്പത് രൂപ മാത്രം) -ഉം അഡ്വ. ശ്രീ. ആർ.കെ. ആനന്ദിന് 5,50,000/- (അഞ്ചു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ഫീസിനത്തിലും. 85,400/-(എൺപത്തി അയ്യായിരത്തി നാന്നൂറ് രൂപ മാത്രം) രൂപ വിമാന യാത്രാ ചിലവിനത്തിലും ഭക്ഷണം താമസ സൗകര്യം എന്നീ ഇനത്തിൽ രണ്ടുപേർക്കും കൂടി 82,501.36/- (എൺപത്തിരണ്ടായിരത്തി അഞ്ഞൂറ്റിഒന്ന് രൂപ മുപ്പത്തിയാറ് പൈസ മാത്രം) രൂപയും നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 12,17,041.36/-(പന്ത്രണ്ട് ലക്ഷത്തി പതി |

| | | |
|---|---|---|
| | | നേഴായിരത്തി നാൽപ്പത്തിയൊന്ന് രൂപ മുപ്പത്തിയാറ് പൈസ മാത്രം) രൂപ നൽകിയിട്ടുണ്ട്. |
| (സി) | എത്ര തുക ഇനി കൊടുത്തുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ; | സർക്കാർ അംഗീകരിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ള ചെലവിൽ 11, 99,000/- (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരം രൂപ മാത്രം) രൂപ ഇനി നൽകാൻ ബാക്കിയുണ്ട്. കൂടാതെ അഭിഭാഷകർ നൽകിയിട്ടുള്ള ബില്ലുകൾ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ ഇനി എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | പുറത്തു നിന്നുള്ള അഭിഭാഷകർക്ക് കഴിഞ്ഞ അഞ്ചു വർഷക്കാലം ഫീസിനത്തിൽ നൽകിയ തുക സംബന്ധിച്ച് എന്തെങ്കിലും പൊരുത്തക്കേടുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ? | പല പൊരുത്തക്കേടുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അന്വേഷണം നടത്തി വരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.10** — 27.06.2011 ൽ മറുപടിക്ക്

**സുരക്ഷാ ഭവന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ:<br>ശ്രീ.ഇ.കെ.വിജയൻ:<br>ശ്രീ.കെ.അജിത്:<br>ശ്രീ.കെ.രാജു: | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) നിർദ്ധനജനവിഭാഗങ്ങൾക്കായി സംസ്ഥാനത്ത് നടപ്പാക്കി വന്ന ഭവന പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികളിലെല്ലാം കൂടി നാളിതുവരെ എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) നിർദ്ധന ജനവിഭാഗങ്ങൾക്കായി സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വന്നിട്ടുണ്ട്. EWS അർബൻ, കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി, ഹഡ്കോ 80 പദ്ധതി, സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി (SASH), 1984 ലെ പ്രളയ ദുരിതാശ്വാസ പദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധതി, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, കൈരളി ഭവന നിർമ്മാണ പദ്ധതി, GIC ഭവന പദ്ധതി, ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി, കൈത്തറി നെയ്ത്ത് തൊഴിലാളികൾക്കുള്ള ഭവന പദ്ധതി, കേരളാ ചെത്തുതൊഴിലാളി ക്ഷേമ ഭവന പദ്ധതി, രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി, അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്ന പദ്ധതി, പ്രളയ ദുരിതാശ്വാസ പദ്ധതി, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സ്കീം, മൈത്രീ ഭവന പദ്ധതി, സുരക്ഷാ ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി എന്നീ ഭവന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. |

എന്നാൽ സുരക്ഷാ ഭവന പദ്ധതിയും എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുമാണ് ഇപ്പോൾ ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതികൾ കൂടാതെ സർക്കാരിന്റെ താഴെപ്പറയുന്ന വകുപ്പുകൾ മുഖേന നിർദ്ധന ജനവിഭാഗ ങ്ങൾക്കായി വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ഫിഷറീസ് വകുപ്പ്** - ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്** - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്കായുള്ള ഭവന പദ്ധതി.

**തദ്ദേശ സ്വയംഭരണ വകുപ്പ്** - ആശ്രയ ഭവന പദ്ധതി, വില്ലേജ് ഹൗസിംഗ് സ്കീം. റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം, ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ആവാസ് യോജന, ഇന്ദിരാ ആവാസ് യോജന, BSUP, IHSDP

**റവന്യൂ വകുപ്പ്** - സുനാമി ഭവന പദ്ധതി
ഈ ഭവന പദ്ധതികളിലായി 1933621 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) സുരക്ഷാ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായി എത്ര തുക സഹായമായി നൽകിയെന്നും ഇത് എത്ര പേർക്ക് ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

(ബി) നാളിതുവരെ 4 കോടി 52 ലക്ഷത്തി 80-നായിരം രൂപ സഹായമായി നൽകി യിട്ടുണ്ട്. ഇത് പ്രകാരം 2880 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

( സി സംസ്ഥാനത്ത് ഭവന നിർമ്മാണ വായ്പകൾ എഴുതിത്തള്ളിയിട്ടു ണ്ടോ? എങ്കിൽ എഴുതിത്തള്ളി യതെന്നാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു വെന്നും എത്ര പേർക്ക് ആധാര ങ്ങൾ തിരികെ നൽകിയെന്നും വ്യക്തമാക്കുമോ?

(സി) ഉണ്ട്.
ഭവന നിർമ്മാണ വകുപ്പിന്റെ 20.05.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 21/09/ഭവനം പ്രകാരം വായ്പ എഴുതി ത്തള്ളിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം 30,400 പേർക്ക് ലഭിക്കുന്നതാണ്. ഇതിൽ നാളിതുവരെ 14,218 പേർക്ക് ആധാരം തിരികെ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ

വകുപ്പിന്റെ 21.11.2009 ലെ സ.ഉ(എം.എസ്) നം. 222/09/തസ്വഭവ. പ്രകാരവും 30.01.2010 ലെ സ.ഉ.(എം.എസ്)22/10/ത.സ്വ.ഭ.വ. പ്രകാരവും നഗരസഭകൾ മുഖേനയും വികസന അതോറിറ്റികൾ മുഖേനയും വായ്പയെടുത്ത 5384 പേരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളി പണയാധാരം തിരികെ നൽകിയിട്ടുണ്ട്. കൂടാതെ 28.02.2011 ലെ സ.ഉ.(എം.എസ്)നം.67/11/തസ്വഭവ. പ്രകാരം വായ്പയെടുത്ത 13570 ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചി ട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുടെയും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുമോ? | (ഡി) | പുരോഗതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 11 — 27. 6.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി.സി.ജോർജ്

ശ്രീ.തോമസ് ഉണ്ണിയാടൻ

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി വീടും സ്ഥലവും വിട്ടുകൊടുത്ത കുടുംബങ്ങൾക്കുള്ള സൗജന്യ ഭൂമിയുടെ വിതരണം സാദ്ധ്യമായോ; വിശദാംശം വ്യക്തമാക്കുമോ ; | എ | വിതരണം നടത്തേണ്ട ഭൂമി സ്പെഷ്യൽ തഹസിൽദാരുടെ അദ്ധ്യക്ഷതയിൽ ലോട്ട് ഇട്ട് എടുക്കുകയും ആധാരം നടത്തിക്കൊടുക്കുകയും ചെയ്തു. ഭൂമി വിതരണം ഈ മാസം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര കുടുംബങ്ങൾ വീടും സ്ഥലവും വിട്ടു നൽകി ; എന്നാണ് വീടും സ്ഥലവും സർക്കാരിന് വിട്ടു കിട്ടിയത് ; | ബി | പദ്ധതിക്കുവേണ്ടി 6 കുടുംബങ്ങൾ വീടും സ്ഥലവും വിട്ടു നൽകി. സൗജന്യമായി സ്ഥലം കൈമാറുന്ന ദിവസം അവർ വീടു വിട്ടു നൽകുന്നതാണ്. |
| സി | വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന എന്തെല്ലാം കാര്യങ്ങൾ ഇതിനോടകം ചെയ്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | സി | വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന ആറു മാസത്തെ ലൈവ്‌ലിഹുഡ്ഡും ആറു മാസത്തെ വാടകയും ഒഴിച്ചാൽ ബാക്കിയെല്ലാം നടത്തിവരുന്നു. ഇവ രണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി ഡിസ്ട്രിക്റ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയിൽ തീരുമാനിക്കും. |
| ഡി | പ്രസ്തുത തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്ഥലം ഏറ്റെടുക്കുന്നതിനും നടപ്പുസാമ്പത്തിക വർഷം എത്ര തുക നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നു ; | ഡി | 250 കോടി രൂപ. |

| | | | |
|---|---|---|---|
| ഇ | വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു പ്രത്യേക വിംഗിനെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ | പദ്ധതിയുടെ നടത്തിപ്പിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്നൊരു പൊതുമേഖലാ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 12

27.6.2011 ൽ
മറുപടിയ്ക്ക്

**മാവേലി സ്റ്റോറുകൾ**

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ ;
ശ്രീ. വി.എസ്. സുനിൽ കുമാർ;
ശ്രീ. ഇ.കെ.വിജയൻ ;
ശ്രീ. വി.ശശി ;

ഉത്തരം

ശ്രീ. റ്റി.എം. ജേക്കബ്
(ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

എ) സംസ്ഥാനത്ത് ഇപ്പോൾ 890 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി ജീവനക്കാരുടെ ലഭ്യതയ്ക്ക് വിധേയമായി കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ബി) 2006 മുതൽ 2011 വരെ മാവേലി സ്റ്റോറുകളിലൂടെയുള്ള വിറ്റുവരവ് ഓരോ വർഷവും എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

ബി) 2006 മുതൽ 2011 വരെ വിൽപ്പനശാലകളിലൂടെയുള്ള പ്രതിവർഷ വിറ്റുവരവ് ചുവടെ ചേർക്കുന്നു.

| വർഷം | വിറ്റുവരവ് (രൂപ) |
|---|---|
| 2006-07 | 636.53 കോടി |
| 2007-08 | 755.78 കോടി |
| 2008-09 | 1221.99 കോടി |
| 2009-10 | 1354.87 കോടി |
| 2010-11 | 1276.16 കോടി |

സി) പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ്, ലാഭം മാർക്കറ്റുകൾ എന്നിവ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

സി) സംസ്ഥാനത്ത് നിലവിൽ 13 പീപ്പിൾസ് ബസാറുകൾ, 3 ഹൈപ്പർ മാർക്കറ്റുകൾ,349 സൂപ്പർ മാർക്കറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

ഡി) സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡി) സംസ്ഥാനത്ത് നിലവിൽ 14 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 13 27. 6.11 ൽ മറുപടിയ്ക്ക്

## തുറമുഖ നയം

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി

ശ്രീ.സി.മോയിൻകുട്ടി

മറുപടി

ശ്രീ. കെ.ബാബു

(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സർക്കാർ തുറമുഖ നയം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ | 2004-ൽ സർക്കാർ തുറമുഖ നയം രൂപീകരിച്ചിട്ടുണ്ട്. ടി തുറമുഖ നയമാണ് ഇപ്പോഴും അനുവർത്തിച്ചു വരുന്നത്. |
| ബി | ഏതൊക്കെ തുറമുഖങ്ങളുടെ വികസനത്തിന് മുൻഗണന നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | ബി | അഴീക്കൽ, പൊന്നാനി, ബേപ്പൂർ, കൊടുങ്ങല്ലൂർ, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിന് മുൻഗണന നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| സി | മലബാർ മേഖലയിൽ പുതിയ തുറമുഖ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | സി | മലബാർ മേഖലയിൽ പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ ചെറുകിട തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| ഡി | സംസ്ഥാനത്തെ ചെറുതും വലുതുമായ തുറമുഖങ്ങളെ ബന്ധപ്പെടുത്തി ചെറുകിട കപ്പലുകളിൽ ചരക്കുകൾ കടത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | ഡി | ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനെപ്പറ്റി ആലോചിക്കാനും നടത്തിപ്പ് സുഗമമാക്കാനും എല്ലാ ബന്ധപ്പെട്ടവരുടേയും ഒരു വർക്ക് ഷോപ്പ് സംഘടിപ്പിച്ചു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഈ പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തുന്നതിന് ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14 — 27.06.2011-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. പി.കെ.ബഷീർ
ശ്രീ. എം.ഉമ്മർ
ശ്രീ.കെ.എം.ഷാജി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### മാന്ദ്യ വിരുദ്ധ പാക്കേജ്

| | | |
|---|---|---|
| (എ) | മുൻ സർക്കാരിൻെറ അവസാന ബജറ്റിൽ ഉൾപ്പെടുത്തിയ മാന്ദ്യവിരുദ്ധ പാക്കേജിൻെറ പ്രായോഗികതയെക്കുറിച്ച് വിലയുരുത്തൽ നടത്തിയിട്ടുണ്ടോ; | ബഡ്ജറ്റിനു രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. നയപരമായ കാര്യങ്ങളെപ്പറ്റി അന്തിമ തീരുമാനം എടുക്കുന്നതേയുളളൂ. ജൂലൈ 8-ാം തീയതിയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിലും തുടർന്ന് അവതരിപ്പിക്കുന്ന ധവളപത്രത്തിലും ധനകാര്യ വിലയിരുത്തൽ ഉണ്ടാകുന്നതാണ്. |
| (ബി) | എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |
| (സി) | മാന്ദ്യ വിരുദ്ധ പാക്കേജിനായി എന്തു തുക ബജറ്റിൽ വകയിരുത്തിയിരുന്നു എന്നും അതിനുളള കാര്യക്ഷമമായ സ്രോതസ്സ് കണ്ടെത്തിയിരുന്നോ എന്നും വ്യക്തമാക്കുമോ; | |
| (ഡി) | പ്രസ്തുത ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളും യാഥാർത്ഥ്യ മല്ലായിരുന്നു എന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | |
| (ഇ) | സംസ്ഥാനത്തിൻെറ സാമ്പത്തിക നിലയെക്കുറിച്ച് ധവളപത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഉണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 15

27-06-2011-ൽ മറുപടിയ്ക്ക്

ട്രോളിംഗ് നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ.<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.കെ.കെ.നാരായണൻ . | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പും കണക്കിലെടുത്ത് ട്രോളിംഗ് ബോട്ടുകളുടെ പ്രവർത്തനം 90 ദിവസത്തേയ്ക്ക് നിരോധിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ട്രോളിംഗ് നിരോധനം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസത്തേക്കാണ് പ്രഖ്യാപിച്ചത്; | ബി) ഉണ്ട് . 2011 ജൂൺ 15 മുതൽ ജൂലൈ 31വരെയുള്ള 47 ദിവസത്തേയ്ക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) ട്രോളിംഗ് നിരോധന കാലയളവിലെ ആഴക്കടൽ മത്സ്യബന്ധനം തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്? | സി) 22 കിലോമീറ്റർ വരെയുള്ള തീരക്കടലിലെ ട്രോളിംഗ് നിരോധനമാണ് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്നത്. ആഴക്കടലിലെ ട്രോളിംഗ് നിരോധനം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്നതാണ്.<br>കേന്ദ്രസർക്കാരിന്റെ 9-3-11 ലെ 30035/15/97 -FY(T-1) Vol.III നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ (ഇ.ഇ.ഇസഡ്) എല്ലാ തരത്തിലുള്ള മത്സ്യബന്ധന യാനങ്ങളും നിരോധിച്ചിട്ടുണ്ട്. പടിഞ്ഞാറൻ തീരത്ത് ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസത്തേക്കാണ് പ്രസ്തുത നിരോധനം പ്രഖ്യാപിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നിരോധനം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് കോസ്റ്റ് ഗാർഡിന്റെ ചുമതലയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *16 27/06/2011 ൽ മറുപടിക്ക്

### പോലീസിലെ സ്പോർട്ട്സ് ക്വോട്ടാ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ.മാധവൻ: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |

| | |
| --- | --- |
| (എ) പോലീസിൽ സ്പോർട്ട്സ് ക്വോട്ടായിൽ നിയമനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; | (എ) 18.01.1984 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)6/84/ആഭ്യന്തരം പ്രകാരവും ആയതിന്റെ ഭേദഗതികളും അടിസ്ഥാനമാക്കി അതാത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ മാനദണ്ഡ-മാക്കിയാണ് പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വോട്ടയിൽ നിലവിൽ നിയമനം നടത്തുന്നത്. (ഉത്തരവിന്റെയും വിജ്ഞാപനത്തിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) കഴിഞ്ഞ അഞ്ചു വർഷം സ്പോർട്ട്സ് ക്വോട്ടായിൽ എത്ര പേർക്ക് നിയമനം നൽകിയെന്നും അവ ഏതെല്ലാം വിഭാഗങ്ങളിലാണെന്നും അറിയിക്കാമോ; | (ബി)താഴെപ്പറയുന്ന കായികവിഭാഗങ്ങളിലായി 62 കായിക താരങ്ങൾക്ക് ആംഡ് പോലീസ് ബറ്റാലിയനുകളിൽ ഹവിൽദാർമാരായി നിയമനം ലഭിച്ചിട്ടുണ്ട്.<br>അത്‌ലറ്റിക്സ് - 21<br>ഫുട്ബോൾ - 20<br>വോളിബോൾ - 9<br>ബാസ്ക്കറ്റ്ബോൾ - 12 |
| (സി) സ്പോർട്ട്സ് ക്വോട്ട നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (സി) ഉണ്ട്; 18.01.1984ലെ സർക്കാർ ഉത്തരവ് നം.ജി.ഒ(പി)6/84/ആഭ്യ. പ്രകാരവും ആയതിന്റെ ഭേദഗതികളും അടിസ്ഥാനമാക്കി അതാത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന |

| | |
|---|---|
| | വിജ്ഞാപനങ്ങൾ മാനദണ്ഡമാക്കിയാണ് പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വോട്ടയിൽ നിയമനം നടത്തുന്നത്. ഈ സ്പെഷ്യൽ റൂൾ പ്രകാരം 1984 മുതൽ 1997 വരെ കായികതാരങ്ങൾക്ക് വിവിധ തസ്തികകളിൽ നേരിട്ട് നിയമനവും, 1986 മുതൽ 1994 വരെയുള്ള കാലയളവിൽ ഔട്ട് ഓഫ് ടേൺ പ്രൊമോഷനും നൽകിയിരുന്നു. എന്നാൽ ആംഡ് പോലീസ് ഇൻസ്പെക്ടർ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് നിശ്ചിത പരിധിയിൽ കൂടുതൽ നേരിട്ടുള്ള നിയമനവും, ഡെപ്യൂട്ടി കമാണ്ടന്റ്, അസിസ്റ്റന്റ് കമാണ്ടന്റ്, ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യാത്ത ഔട്ട് ഓഫ് ടേൺ പ്രൊമോഷനുകളും നൽകപ്പെട്ടിരുന്നു. ഇതുമൂലമുണ്ടായ സീനിയോറിറ്റി നിർണ്ണയവും, പ്രൊമോഷനും സംബന്ധിച്ച് തർക്കങ്ങളും, കേസുകളും പരിഹരിക്കുന്നതിനായി പോലീസ് വകുപ്പ്തലത്തിൽ ഒരു ഹൈലെവൽ കമ്മറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മറ്റി 2005 ൽ റിപ്പോർട്ട് നൽകുകയും ബഹു.കേരളാ ഹൈക്കോടതിയുടെ 20/06/2005 ലെ പൊതുവിധി ന്യായ പ്രകാരം പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് നടപ്പാക്കുന്നതിനായി 30/03/2006 ലെ ജി.ഒ(ആർ.റ്റി).843/06/ആഭ്യ. ഉത്തരവു പ്രകാരം സർക്കാർ തലത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് പ്രകാരം കായിക താരങ്ങൾക്ക് വേണ്ടി വിവിധ തസ്തികകളിൽ വിവിധ കാലയളവിലേയ്ക്കായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ജഡ്ജ്മെന്റും, സർക്കാർ ഉത്തരവും നടപ്പാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിലെ 01/01/2009 വരെയുള്ള സീനിയോറിറ്റി ലിസ്റ്റും അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിലെ 01/04/2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റും തയ്യാറാക്കിയത് പരിശോധിച്ചു വരികയാണ്. പ്രസ്തുത സീനിയോറിറ്റി |

| | |
|---|---|
| | ലിസ്റ്റുകൾക്കെതിരായി ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ചിലത് തീർപ്പായിട്ടുള്ളതും മറ്റുള്ളവ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്. |
| (ഡി) സ്പോർട്ട്സ് ക്വോട്ട നിയമനങ്ങൾ സുതാര്യമാക്കാനും അർഹരായ കായിക താരങ്ങൾക്ക് നിയമനം നൽകാനും നടപടികൾ സ്വീകരിക്കുമോ; | (ഡി) നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാർഗ്ഗങ്ങളിലൂടെയാണ് അർഹരായ കായിക താരങ്ങൾക്ക് നിയമനം നൽകി വരുന്നത്. |
| (ഇ) കായിക താരങ്ങൾക്ക് നിയമനം നൽകുമ്പോൾ ഇന്റർവ്യൂ ബോർഡിൽ പ്രസിദ്ധരായ അന്താരാഷ്ട്ര-ദേശീയ കായികതാരങ്ങളെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) സർക്കാർ അംഗീകാരത്തോട് കൂടി പ്രമുഖ കായിക താരങ്ങൾ ഉൾപ്പെടുന്ന കമ്മറ്റിയാണ് പോലീസ് വകുപ്പിൽ കായിക താരങ്ങളുടെ നിയമനം പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ

ഗ്രന്ഥാലയം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.17 27.06.2011-ൽ മറുപടിക്ക്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ:<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.കെ.കെ.നാരായണൻ:<br>ശ്രീ.റ്റി.വി.രാജേഷ്: | | ശ്രീ. കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി രൂപീകരിച്ച കമ്പനിയുടെ പുന:സംഘടിപ്പിക്കപ്പെട്ട ബോർഡ് യോഗം ചേരുകയുണ്ടായോ; | (ബി) | കമ്പനിയുടെ പുന:സംഘടിപ്പിക്കപ്പെട്ട ബോർഡ് യോഗം 15/6/2011-ന് ചേരുകയുണ്ടായി. |
| (സി) | എയർപോർട്ടിനു വേണ്ടി കിൻഫ്ര വഴി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്യാൻ മുൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും അവശേഷിക്കുന്ന ഭൂമി എത്ര സമയത്തിനുള്ളിൽ അക്വയർ ചെയ്യാൻ സാധിക്കുമെന്നും അതിനായി അക്വിസിഷൻ ടീമിനെ പൂർണ്ണതോതിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (സി) | 13.8.2007-ലെ GO (Ms)31/2007/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം രണ്ടാം ഘട്ട അക്വിസിഷനായി കിൻഫ്ര കണ്ണൂർ എയർപോർട്ടിനു വേണ്ടി 1086 ഏക്കർ ഭൂമി ഏറ്റെടുത്തു. മൂന്നാംഘട്ട അക്വിസിഷനായി 25.6.2009-ലെ GO (Ms)37/2009/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം 783 ഏക്കർ ഭൂമിയുടെ അക്വിസിഷൻ നടപടികൾ നടന്നു വരികയാണ്. ഇതിൽ ഭൂരിഭാഗം ഭൂമിയെയും സംബന്ധിച്ചുള്ള കരട് പ്രഖ്യാപനം ഇതിനകം അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ വില നിർണ്ണയവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട നടപടികൾ കണ്ണൂർ ജില്ലാ കളക്ടറുടെ മേൽ നോട്ടത്തിൽ നടന്നു വരുന്നു.ഏകദേശം 1 വർഷത്തിനകം നടപടികളെല്ലാം പൂർത്തിയാക്കി മുഴുവൻ ഭൂമിയും ഏറ്റെടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | കണ്ണൂർ വിമാനത്താവള കമ്പനിയിലെ ഇപ്പോഴത്തെ ഓഹരി പങ്കാളിത്തത്തിന്റെ ഘടനയെന്താണ്; വിശദാംശം വെളിപ്പെടുത്താമോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | ഗവൺമെന്റ് ഓർഡർ നം. GO(MS)No.38/ 2010 /Tran. തീയതി 31 മാർച്ച് 2010 & ഗവൺമെന്റ് ഓർഡർ നം. GO(MS)No.13/ 2011/ Tran. തീയതി 1 മാർച്ച്2011 പ്രകാരം ഈ കമ്പനിയുടെ 26 ശതമാനം ഓഹരി സർക്കാരിന്റേത് ആയിരിക്കുമെന്നും, 23 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങൾക്കും 2 ശതമാനം സർക്കാർ സംരംഭങ്ങൾക്കും (ഇൻകൽ/സിയാലിനെ പ്പോലുള്ളവ),49 ശതമാനം Qualified Institutional Investors, High Net Worth Individuals, കമ്പനികൾ, Co-operative Societies/Banks etc എന്നിവർക്ക് നൽകാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ഇ) | എയർപോർട്ട് കമ്പനിയിൽ ഓഹരി പങ്കാളിത്തത്തിന് പണം അടച്ച് അപേക്ഷ നൽകിയവർ എത്രയെന്നും മൊത്തം എത്ര തുകയ്ക്കുള്ള ഓഫറുകളാണ് ഇതിനകം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഇ) | വിമാനത്താവളത്തിന്റെ ഓഹരിക്കായി അപേക്ഷകൾ (Applications) സ്വീകരിച്ചിട്ടില്ല. അഭ്യർത്ഥനകൾ പരിശോധിച്ചു വരികയാണ്. |
| (എഫ്) | എയർപോർട്ടിന്റെ ഭാഗമായുള്ള റൺവേയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (എഫ്) | എയർപ്പോർട്ടിന്റെ ഭാഗമായുള്ള റൺവേയുടെ നിർമ്മാണ പ്രവർത്തനം 2012 ഓടുകൂടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ജി) | കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി എത്ര കോടി രൂപയുടെ മുതൽമുടക്ക് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ജി) | 2005-ൽ തയ്യാറാക്കിയ സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ റിപ്പോർട്ട് അനുസരിച്ച്, അന്നത്തെ വിലനിലവാരത്തിൽ, 455 കോടി രൂപയുടെചിലവാണ് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കുവാൻ എസ്റ്റിമേറ്റ് ചെയ്തിരുന്നത്. നിർമ്മാണം പൂർത്തിയാകുന്ന കാലയളവിലെ വിലനിലവാരം കണക്കിലെടുത്ത് ഇത് 1130 കോടി രൂപയായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 18** **27.06. 2011-ൽ മറുപടിക്ക്.**

### ജനമൈത്രി സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ആർ. സെൽവരാജ്<br>ഡോ. കെ. ടി. ജലീൽ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഓരോ പ്രദേശത്തേയും ആവശ്യങ്ങൾക്കനുസൃതമായി പോലീസ് പൊതുജന സഹകരണത്തോടെ ജനങ്ങളുടെ സുരക്ഷ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി മുൻ സർക്കാർ രൂപം കൊടുത്ത ജനമൈത്രി സുരക്ഷാ പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | : (എ) ഉണ്ട് ;<br>ഈ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിലും സ്വഭാവത്തിലും മാറ്റം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | : (ബി) കുറ്റകൃത്യങ്ങൾ തടയുക, മെച്ചപ്പെട്ട പോലീസ്-പൊതുജന സഹകരണം ഉറപ്പ് വരുത്തുക, ജനങ്ങളുടെയും പ്രദേശത്തിന്റെയും സുരക്ഷ ഉറപ്പ് വരുത്തുക, സുരക്ഷാ മേഖലയിൽ |

(മറുപുറം)

ജനങ്ങളുടെ സഹകരണം ഉറപ്പാക്കുക, യുവജനങ്ങൾക്കിടയിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടി, ഓരോ പ്രദേശത്തെയും ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കിയതുകൊണ്ട് പ്രസ്തുത പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിലും, സ്വഭാവത്തിലും ഗുണകരമായ മാറ്റം സംഭവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.19 27.06.2011-ൽ മറുപടിക്ക്.

## കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ.<br>ശ്രീമതി.പി.അയിഷാ പോറ്റി.<br>ശ്രീ.ബാബു എം. പാലിശ്ശേരി.<br>ശ്രീ.ബി.സത്യൻ. | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുമായി മുൻ സർക്കാർ ഏർപ്പെടുത്തിയ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വാഹനാപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2005 ന് ശേഷം വാഹനാപകടങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗം ചേരുകയുണ്ടായോ; | (സി) | 8.6.2011-ൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 13-ാമത് യോഗം ചേരുകയുണ്ടായി. |
| (ഡി) | റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കി വരുന്നുണ്ടോ; | (ഡി) | നടപ്പിലാക്കിവരുന്നു. |
| (ഇ) | ഹൈവേ സുരക്ഷാ ജാഗ്രതാസമിതികൾ രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അവ സംസ്ഥാനത്തെ പ്രമുഖ ജംഗ്ഷനുകളിൽ രൂപീകരിച്ചിട്ടുണ്ടോ; | (ഇ) | ഉണ്ട്. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും, അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാ പ്രവർത്തനം നടത്തുന്നതിനും മറ്റുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തി കൊണ്ട് റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കേരളത്തിൽ നിലവിലുള്ള ഹൈവേ പട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന ഹൈവേ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ 25.07.2009-ലെ സർക്കാർ ഉത്തരവ് നമ്പർ 117/09 Home (SC) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (എഫ്) | സംസ്ഥാനത്തൊട്ടാകെ എത്ര സ്കൂൾ സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു; | (എഫ്) | 1713 എണ്ണം. സർക്കുലർ 20/09 പ്രകാരം സ്ക്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും സ്കൂൾ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതുമാകുന്നു. |
| (ജി) | പുതിയ അദ്ധ്യയനവർഷം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുണ്ടോ? | (ജി) | പുതിയ അദ്ധ്യയനവർഷം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ക്ലബ്ബുകളിൽ റോഡ് സുരക്ഷയെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തി ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 20** — **27.06.2011-ൽ മറുപടിയ്ക്ക്**

### നൂറുദിന കർമ്മ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി ) |
| (എ) ഈ സർക്കാരിന്റെ ആദ്യത്തെ നൂറുദിന കർമ്മ പരിപാടി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അവ നടപ്പിലാക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ ; ഏതെല്ലാം പരിപാടികൾക്ക് എന്തു തുക വീതമാണ് അധിക ചെലവ് പ്രതീക്ഷിക്കുന്നത് ; ഇതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; | (ബി) വിശദാംശങ്ങൾ അതാതു വകുപ്പുകൾ കണക്കാക്കി വരുകയാണ്. |
| (സി) നിലവിൽ തുടർന്നുവരുന്ന എന്തെല്ലാം പരിപാടികളെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (സി) സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, തലസ്ഥാന നഗര വികസന പദ്ധതികൾ എന്നിവയെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) അടിയന്തിര ആശ്വാസം അവശ്യമുള്ള ഏതെങ്കിലും കാര്യങ്ങൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) പൂർണമായും തളർന്നുപോയവരെ സംരക്ഷിച്ചും നിരാലംബരേയും പരമ ദരിദ്രരേയും ഉൾപ്പെടുത്തി ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും അനാഥർക്കും 1 രൂപയ്ക്ക് 25 കിലോ അരി നൽകൽ, കെട്ടിക്കിടക്കുന്ന റേഷൻ കാർഡ് അപേക്ഷകൾ തീർപ്പുകൽപ്പിക്കൽ, സർക്കാരുദ്യോഗസ്ഥരും 25,000/- രൂപയിൽ മുകളിൽ വരുമാനമില്ലാത്തവരുമായ ആദിവാസികളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തൽ, എൻഡോസൾഫാൻ ദുരിതബാധി |

(. . . . 2)

: 2 : തർക്ക് പാക്കേജ്, മൂലമ്പള്ളി പാക്കേജ് നടപ്പിലാക്കൽ, ചെങ്ങറ പുനരധിവാസത്തിലെ വീഴ്ചകൾ കണ്ടെത്തി പരിഹാര മാർഗ്ഗം കണ്ടെത്തൽ, ബാലവേലയും ബാലഭിക്ഷാടനവും കർശനമായി തടയാൻ നടപടി, വയനാട്ടിലെ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസ നടപടികൾ പൂർത്തിയാക്കൽ, കടൽമാക്രി മൂലം കേടായ വലകൾക്ക് പകരം പുതിയ വലകൾ മത്സ്യതൊഴിലാളികൾക്ക് നൽകൽ, മുഴുവൻ ബ്ളോക്കിലും വികലാംഗ സർട്ടിഫിക്കറ്റ് നൽകൽ, 14 ജില്ലകളിലും വയോജനങ്ങൾക്ക് സഹായം നൽകുന്ന വയോമിത്രം പദ്ധതി നടപ്പാക്കൽ, തദ്ദേശ സ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അങ്കൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം നൽകൽ, ഉച്ചക്കഞ്ഞി പദ്ധതിയിലെ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ, റോഡ് അപകടത്തിൽപ്പെട്ട് ആശുപത്രിയിലാകുന്നവരുടെ ചികിത്സാ ചെലവ് വഹിക്കാൻ ഇൻഷ്വറൻസ് പദ്ധതി, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കൽ, വേനൽ മഴയിലുണ്ടായ നാശത്തിന് നഷ്ടപരിഹാരം നൽകൽ, ആവശ്യമായ കൊയ്ത്ത് മെതി യന്ത്രം വാങ്ങൽ, വനഭൂമിയോട് ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിലെ കർഷകരെ കാട്ടുമൃഗങ്ങളുടെ ഭീഷണിയിൽ നിന്ന് സംരക്ഷിക്കാൻ പദ്ധതി എന്നീ അടിയന്തിര ആശ്വാസം അവശ്യമുള്ള കാര്യങ്ങൾ കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) ഇതിനുപുറമേ ഓരോ വകുപ്പും നൂറുദിന കർമ്മപദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഏതെല്ലാം വകുപ്പുകൾ ഏതെല്ലാം കർമ്മപദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ?

(ഇ) ഉണ്ട്. ഓരോ വകുപ്പിലും നൂറു ദിവസത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ അതത് വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **27.06.2011 ലെ മറുപടിക്ക്**

### ഇന്ധനവില വർദ്ധനവുമൂലമുണ്ടായ പ്രയാസങ്ങൾ

**ചോദ്യം**

**ശ്രീ.എ.എം.ആരിഫ്:**
**ശ്രീ.എളമരം കരീം :**
**ശ്രീ.കെ.സുരേഷ് കുറുപ്പ്:**
**ശ്രീ.ബി.ഡി.ദേവസ്സി:**

**ഉത്തരം**

**ശ്രീ.ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) പെട്രോൾ വില നിയന്ത്രണത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറുകയും ഇടയ്ക്കിടയ്ക്ക് പെട്രോൾ വില കൂടികൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യം സംസ്ഥാനത്തെ ജനങ്ങളെ ഏതെല്ലാം നിലയിൽ ബാധിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(എ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ, പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവ് പൊതുവിൽ അവശ്യവസ്തുക്കളുടെ വിലനിലവാരം ഉയരുന്നതിനും തദ്വാര ജീവിത ചെലവ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വിലയിൽ നിന്നുണ്ടായ വർദ്ധനവ് വിലയിരുത്തുകയും വില നിയന്ത്രണത്തിനുള്ള നടപടികളും ചില ആശ്വാസ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിയന്ത്രണംഎടുത്തുമാറ്റിയതിനു ശേഷം പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഡീസൽ, പെട്രോൾ, പാചക വാതകം എന്നിവയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നിയന്ത്രണം എടുത്തുമാറ്റിയ ശേഷം ഉണ്ടായിട്ടുള്ള വില വർദ്ധനവും സംസ്ഥാനത്തിൽ സമ്പദ്ഘടനയിലുള്ള ആഘാതവും നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലവർദ്ധനയിലുള്ള സംസ്ഥാന സർക്കാരിന്റെ അധിക റവന്യൂ

വരുമാനം ഉദ്ദേശം 132 കോടി രൂപ ഉപേക്ഷിക്കുകയും തൽഫലമായി പെട്രോൾ വില ലിറ്ററിന് ഒരു രൂപ ഇരുപത്തിരണ്ടു പൈസ കുറയുകയും ചെയ്തു.

(സി) വില വർദ്ധനവു മൂലം ഉണ്ടായിരിക്കുന്ന ജീവിത പ്രയാസങ്ങൾ പരിഗണിച്ച് വില നിയന്ത്രണം പുനസ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ?

(സി) ആലോചിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 22 | 27.6.11 ൽ- മറുപടിക്ക്

## പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അബ്ദുള്ള കുട്ടി | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി എല്ലാ റേഷൻകടകളും ആധുനികവൽക്കരിക്കണമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ റേഷൻകടകളും ആധുനികവൽക്കരിക്കണമെന്ന ലക്ഷ്യം ഭാഗികമായി സാക്ഷാത്ക്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ; | (ബി) | വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ സ്ഫടിക ജാറിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുന്നു. ഫ്ളൂറസന്റ് വിളക്കുകളും ഫാനും ഘടിപ്പിച്ചിട്ടുണ്ട്. പെട്ടെന്ന് തിരിച്ചറിയാൻ കടകൾ ഇളം മഞ്ഞ നിറത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിട്ടുണ്ട്. നിശ്ചിത വലിപ്പത്തിലുള്ള വിലനിലവാര ബോർഡ് പ്രദർശിപ്പിക്കുന്നു. |
| (സി) | പൊതുവിതരണ സമ്പ്രദായത്തിന്റെ സുതാര്യതയും മെച്ചപ്പെട്ട വിതരണ സേവനവും ഉറപ്പുവരുത്തുന്നതിന് ബയോമെട്രിക്ക് അധിഷ്ഠിതമായ ഇ.പി.ഡി.എസ് എല്ലാ റേഷൻ കടകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | (സി) & (ഡി) | ബയോമെട്രിക്ക് അധിഷ്ഠിതമായ ഇ.പി.ഡി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| ഡി) | ഇല്ലെങ്കിൽ ഈ സമ്പ്രദായം സംസ്ഥാനത്തുടനീളം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 23</u> — <u>27.06.2011 ൽ മറുപടിക്ക്</u>

### *സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി*

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി
ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. സി. മോയിൻകുട്ടി
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ ക്കുറിച്ച് വിലയിരുത്തൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബജറ്റ് രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് പൊതുക്കട മിനത്തിൽ ഉണ്ടായ വർദ്ധിച്ച ബാദ്ധ്യതയ്ക്കനുസരിച്ച് വികസന മേഖലയിൽ ആനുപാതിക മുതൽമുടക്ക് ഉണ്ടായിട്ടുണ്ടോ എന്ന കാര്യം വിശദമാക്കുമോ ; | ബജറ്റ് രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. |
| (ഡി) | സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ക്ലേശം വരുത്താതെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും, വികസന മേഖലയിൽ കൂടുതൽ മുതൽ മുടക്ക് നടത്തി സമഗ്ര വികസനം ത്വരിതപ്പെടുത്താനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | ബജറ്റ് രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 24 27/06/2011 ൽ മറുപടിക്ക്

<u>പെൻഷൻ ഏകീകരണവും പി.എസ്.സി.ലിസ്റ്റുകളുടെ കാലാവധിയും</u>

| <u>ചോദ്യം:</u> | <u>ഉത്തരം:</u> |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് പെൻഷൻ ഏകീകരണ പദ്ധതിയെ തുടർന്ന് പി.എസ്.സി. ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് നേരിട്ട താമസവും പി.എസ്.സി. ലിസ്റ്റുകൾ കാലഹരണപ്പെടാനുണ്ടായ സാഹചര്യവും പരിശോധിക്കുകയുണ്ടായോ; | (എ) പരിശോധിച്ചു. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) 31.5.2011ന് കാലാവധി അവസാനിക്കുന്ന നിലവിലുള്ള റാങ്ക്ലിസ്റ്റുകളുടെ കാലാവധിയും, 30.6.2011ന് കാലാവധി അവസാനിക്കുന്ന റാങ്കുലിസ്റ്റുകളുടെ കാലാവധിയും ആറുമാസത്തേക്കുകൂടി ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി.യോട് ശുപാർശ ചെയ്തിരുന്നു. |
| (സി) പി.എസ്.സി.റാങ്ക്ലിസ്റ്റുകളുടെ കാലപരിധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി) എങ്കിൽ ഏതൊക്കെ ലിസ്റ്റുകളുടെ കാലാവധിയെന്നും അത് എത്രവരെ നീട്ടാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; | (സി)യും (ഡി)യും 2011 ആഗസ്റ്റ് 30-ാം തീയതിയോ അതിനുമുൻപോ കാലഹരണപ്പെടുന്ന എല്ലാ റാങ്ക്ലിസ്റ്റുകളുടേയും കാലാവധി 2011 ആഗസ്റ്റ് 31വരെ ദീർഘിപ്പിച്ചുകൊണ്ട് 1.6.2011-ൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) മുൻസർക്കാരിന്റെ പെൻഷൻ ഏകീകരണ പദ്ധതിയിൽ എന്തെങ്കിലും കാതലായ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 25 27/06/2011 ൽ മറുപടിക്ക്

## പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യതയും കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം:**

ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി. ഉബൈദുള്ള

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യതയും കാര്യ ശേഷിയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി കളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പി.എസ്.സി.യുടെ നടപടിക്രമ ങ്ങളിലെ പഴുതുകൾ ദുരുപയോഗം ചെയ്ത് മുൻകാലങ്ങളിൽ നടത്തിയ നിരവധി നിയമന ക്രമക്കേടുകളും, തട്ടിപ്പുകളും ആവർത്തിക്കാതിരി ക്കാൻ എന്തെങ്കിലും സംവിധാനം പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ;

(എ)യും (ബി)യും-സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ നടത്തിയ എല്ലാ നിയമനങ്ങൾ സംബന്ധിച്ചും സമഗ്രമായ ഒരു വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേ ഷനു പുറമെ പി.എസ്.സി.യുടെ വെരിഫി ക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരി കളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പി.എസ്.സി.യുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ട നിയമനക്രമ ക്കേടുകളെയും, തട്ടിപ്പിനെയും കുറി ച്ച് വിശദമായി അന്വേഷിച്ച് ഉത്തര വാദികളെയെല്ലാം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) 2001 ജനുവരി ഒന്നിനുശേഷം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമന ങ്ങളെ സംബന്ധിച്ചും സമഗ്രമായ പരിശോധന നടത്തുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനു കീഴിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് നിയമനം സംബന്ധിച്ച പരിശോധന ആരംഭിച്ചു കഴിഞ്ഞു. തുടക്കമെന്ന നിലയിൽ റവന്യൂ വകുപ്പി ലാണ് ഇപ്പോൾ പരിശോധന നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 26 27-06-2011 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>" പി. ബി. അബ്ദുൾ റസാക്<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ; | (എ) ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ബി) മദ്യപാനാസക്തി നിയന്ത്രിക്കാൻ ബോധവത്ക്കരണമെന്ന മുൻ സർക്കാർ നയത്തിൽ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നയം കൊണ്ട് ജനങ്ങളുടെ മദ്യപാനാസക്തി കുറഞ്ഞിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഇല്ല. മദ്യപാനാസക്തി കൂടിവരുന്നു എന്നാണ് മദ്യത്തിന്റെ ഉപഭോഗ വർദ്ധനവ് സൂചിപ്പിക്കുന്നത്. |
| (സി) അമിത മദ്യപാനം മൂലം തകർന്നു പോകുന്ന കുടുംബങ്ങളിലെ വൃദ്ധരുടെയും തൊഴിലെടുക്കാനാവാത്തവരായ സ്ത്രീകളുടെയും കുട്ടികളുടെയും പുനഃരധിവാസത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) നിലവിൽ അത്തരം പദ്ധതികളൊന്നും പരിഗണനയിലില്ല. |
| (ഡി) മദ്യപാന വിപത്തിൽ നിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയെങ്കിലും മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) മദ്യാസക്തിയിൽ നിന്നുമുള്ള മോചനത്തിനായി, ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.27 27.06.2011-ൽ മറുപടിക്കുള്ളത്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എ. കെ ശശീന്ദ്രൻ** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |

---

| | |
|---|---|
| (എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കാമോ; | (എ) എൻഡോസൾഫാൻമൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് അനുവദിച്ചിരുന്ന നഷ്ടപരിഹാരം അൻപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് ചികിത്സയ്ക്കും പുനരധി വാസത്തിനും ആശുപത്രികളുടെ നവീകരണത്തിനും ചികിത്സാസൗകര്യ ങ്ങൾക്കും താൽക്കാലിക ജീവനക്കാർ ക്കും മറ്റുമുള്ള ചെലവിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 1,25,00,000/- രൂപയും ഐ.എസ്.എം ഡയറക്ടർക്ക് (ആയുർവ്വേദ വകുപ്പിന്) 3,00,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരായി തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയു ന്നവർക്ക് പ്രതിമാസം 2,000/- രൂപ വീതവും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം നൽകി വരുന്നു. എൻഡോ സൾഫാൻ ദുരിതബാധിതരായ കുട്ടി കൾക്കും എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കും പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് 1000/- രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിലുള്ളവർക്ക് 2000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് |

2500/- രൂപ വീതവും ധനസഹായം നൽകുന്നതിനുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ എൻഡോസൾഫാൻ ദുരിതാശ്വാസ നിധി യിലേയ്ക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ 5 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഭാവിയിൽ കാസർഗോഡ് എസ്റ്റേറ്റിൽ ഉണ്ടാകുന്ന തൊഴിലാളി കളുടെ ഒഴിവുകളിൽ 25% ഒഴിവുകൾ എൻഡോസൾഫാൻ ദുരിതബാധിതരുടെ ആശ്രിതർക്ക്/ രക്ഷാ കർത്താക്കൾക്കായി നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം ദുരന്തംആവർത്തിക്കാതിരിക്കാൻ കാസർഗോഡ് ജില്ലയെ ജൈവ കാർഷിക ജില്ലയാക്കി മാറ്റാനുള്ള നടപടികൾകൂടി സ്വീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് സൗജന്യമായി പ്രത്യേക ചികിത്സ നൽകുന്നതിലേക്കായി 11 ആശുപത്രികളെ 'എംപാനൽ' ചെയ്തി ട്ടുണ്ട്. ടി ആശുപത്രികളിൽ 'സ്മാർട്ട് കാർഡ്' ഉപയോഗിച്ച് ദുരിതബാധിതർക്ക് സൗജന്യമായി ചികിത്സ ലഭ്യമാണ്. ദുരിതബാധിതർക്ക് സൗജന്യറേഷനും നൽകി വരുന്നുണ്ട്.

| | |
|---|---|
| (ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം ദുരിതബാധിതർക്ക് പ്രത്യേക ആശുപത്രി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 28

27/06/2011 ൽ മറുപടിക്ക്

**ഭക്ഷ്യ വിഭവ ശേഖരണവും വിതരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ.എൻ.ഷംസുദീൻ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഭക്ഷ്യ വിഭവങ്ങളുടെ ശേഖരണവും വിതരണവും മെച്ചപ്പെടുത്തുവാൻ നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ? | (എ&ബി) ഭക്ഷ്യ വിഭവങ്ങളുടെ ശേഖരണവും വിതരണവും ശാസ്ത്രീയമായും മെച്ചപ്പെട്ട രീതിയിലുമാണ് നടത്തിവരുന്നത്. ആവശ്യമെങ്കിൽ കാലോചിതമായ മാറ്റം വരുത്തുന്നതാണ്. |
| (സി) ഭക്ഷ്യ വിഭവങ്ങൾ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിച്ചു പോകുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് ഇപ്പോൾ സ്വീകരിക്കുന്നതെന്നും പുതുതായി എന്തെങ്കിലും നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ; | (സി) ഗോഡൗണുകളിൽ ശാസ്ത്രീയമായ സൂക്ഷിപ്പ് സൗകര്യങ്ങൾ നിലവിലുള്ളതിനാൽ ഭക്ഷ്യവിഭവങ്ങൾ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. എഫ്.സി.ഐ.ഗോഡൗണുകളിൽ FIFO(First in First Out) രീതി പ്രകാരമാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിവരുന്നത്. എഫ്.സി.ഐ.യുടെ ഗുണനിലവാര പരിശോധകർ ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിൽ എഫ്..സി.ഐ.യുടെയും മില്ലുകളിൽ സപ്ലൈകോയുടെയും ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വിതരണ ക്രമത്തിലെ അപാകതമൂലം ഗോഡൗണുകളിൽ പ്രതിവർഷം ഉപയോഗശൂന്യമായ ഭക്ഷ്യ വിഭവങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കുമോ ? | (ഡി) | സംസ്ഥാനത്തെ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിൽ കഴിഞ്ഞ 5 വർഷത്തിനിടെ 385 കിലോ അരിയും 40 കിലോ ഗോതമ്പും വിതരണ ക്രമത്തിലെ അപാകത മൂലം നശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 29 — 27/06/2011 - ൽ മറുപടിക്ക്

**തൊണ്ടി മുതലായ വാഹനങ്ങളുടെ ഡിസ്പോസൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ പോലീസ് സ്റ്റേഷനുകളിൽ തൊണ്ടി മുതലായി സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ നിമിത്തം പൊതുജന സഞ്ചാരത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ; | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മണൽ കടത്തിയതിന് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ പിഴ ഈടാക്കി വിട്ടുനൽകാൻ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇത്തരം വാഹനങ്ങൾ നിശ്ചിതസമയപരിധിക്കുള്ളിൽ പിഴ ഈടാക്കി വിട്ടുനൽകാൻ നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) നിയമാനുസൃതം സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) നിശ്ചിതസമയപരിധിക്കുള്ളിൽ പിഴ ഒടുക്കി വാഹനം തിരിച്ചെടുക്കാത്തകേസുകളിൽ വാഹനങ്ങൾ പൊതു ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ..30

27 -06- 2011-ൽ
മറുപടിക്ക്.

## പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. ശക്തൻ | | ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
| (എ) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേസന്വേഷണത്തിനായി രൂപീകരിച്ച പ്രത്യേക സ്ക്വാഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കേസന്വേഷണത്തിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | അടിയന്തിര സ്വഭാവമുള്ള കേസുകളുടെ സത്വരമായ അന്വേഷണത്തിന് വേണ്ടി കഴിവ് തെളിയിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി താല്ക്കാലികമായി സ്ക്വാഡുകൾ ഉണ്ടാക്കുകയും അന്വേഷണം നടത്തുകയും ചെയ്തു വരുന്നു. അന്വേഷണം അവസാനിക്കുന്നതോടെ ഇത്തരം സ്ക്വാഡുകൾ പിരിച്ചു വിടുകയാണ് ചെയ്യുന്നത്. |
| (സി) | ഇതിനകം രൂപീകരിച്ച പ്രത്യേക സ്ക്വാഡുകൾ പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; | | |
| (ഡി) | പ്രത്യേക സ്ക്വാഡുകൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കഴിവ് തെളിയിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് വഴി സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടന്നു വരുന്നത്. |

Mayhely

സെക്ഷൻ ഓഫീസർ

# അനുബന്ധം

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കേസന്വേഷണത്തിനായി താഴെ പറയുന്ന താൽക്കാലിക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

ആരാധനാലയ മോഷണ കേസുകൾ അന്വേഷിക്കുന്നതിനു വേണ്ടി ടെംബിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ ടീം (TTIST) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

അന്തർ ജില്ലാ / സംസ്ഥാന തലത്തിൽ ഉള്ള പ്രോപ്പർട്ടി ഒഫൻസുകൾ അന്വേഷിക്കുന്നതിന് ജില്ലാ പോലീസ് ചീഫിന്റെ നേരിട്ടുള്ള അന്വേഷണത്തിൽ ക്രൈം ബസ്റ്റർ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റ്സ് (ATHU's ) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

" SIMI" കേസുകളെ കുറിച്ച് അന്വേഷിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

ചീറ്റിംഗ് കേസുകളുടെ അന്വേഷണത്തിനായി സബ് ഡിവിഷണൽ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

അനധികൃത സ്പിരിറ്റ് കടത്ത് തടയുന്നതിനു വേണ്ടി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

മൂന്നാർ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

മാറാട് ബീച്ചിലെ സംഭവുമായി ബന്ധപ്പെട്ട് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ പി.എസ്.സി പരീക്ഷ ക്രമക്കേട് അന്വേഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

പാസ്പോർട്ട് ഫെൻസ് പ്രകാരമുള്ള കേസന്വേഷണത്തിനായി തൊടുപുഴ സബ്ഡിവിഷനിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം സിറ്റിയിൽ സബ് ഡിവിഷണൽ കേന്ദ്രീകരിച്ച് സാമ്പത്തിക കുറ്റങ്ങൾ അന്വേഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

ദേശീയ ഇന്റലിജൻസ് ബ്യൂറോയുമായി ബന്ധപ്പെട്ട് ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം (ISIT) രൂപീകരിച്ചിട്ടുണ്ട്.

നിയമവിരുദ്ധമായി സൂക്ഷിച്ചിരിക്കുന്ന ആയുധങ്ങൾ കണ്ടെത്തുന്നതിനായി പാലക്കാട്, മലപ്പുറം ജില്ലകളിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

പാലക്കാട് പുത്തൂർ ഷീലാ വധക്കേസ് അന്വേഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

സമ്പത്തിന്റെ കസ്റ്റഡി മരണം സംബന്ധിച്ച് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചത് കൂടാതെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലെ താഴെ പറയുന്ന ക്രൈം കേസുകൾ അന്വേഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

| SL.NO | CRIME NO./ NATURE OF THE CASE | POLICE STATION |
|---|---|---|
| 1 | 685/01 | Perumbavoor |
| 2 | 366/01 | Erattupetta |
| 3 | 364/01 | Alappuzha South |
| 4 | 377/01 | Chavakkad |
| 5 | 738/01 | Perinthalmanna |
| 6 | 607/01 | Kondotty |
| 7 | 215/01 | Melattoor |
| 8 | 533/01 | Tirur |
| 9 | 328/01 | Kottakal |
| 10 | 68/02 | Kondotty |

| | | |
|---|---|---|
| 11 | 31/08 | Thrikkakara |
| 12 | 383/02 | Kannur City |
| 13 | 175/06 | Kannur City |
| 14 | 130/08 | Kannur City |
| 15 | 222/08 | Kannur City |
| 16 | 135/05 | Koothuparamba |
| 17 | 779/08 | Kannur Town |
| 18 | 406/09 | Chackarackal |
| 19 | 334/06 | Medical College |
| 20 | 130/05 | Kooranchundu |
| 21 | 118/08 | Kuttiyadi |
| 22 | 101/07 | Peruvannamuzhy |
| 23 | 584/02 | Nadakkavu |
| 24 | 3/06 | Nadakkavu |
| 25 | 96/05 | Beypore |
| 26 | 78/07 | Kozhikode Town |
| 27 | 244/01 | Chevayur |
| 28 | 95/01 | Beypore |
| 29 | 236/01 | Nallalam |
| 30 | 237/01 | Kozhikode Town |
| 31 | 243/01 | Kozhikode Town |
| 32 | 134/01 | Pannlankara |
| 33 | 133/01 | Kunnamangalam |
| 34 | 704/10 | Muvattupuzha |
| 35 | 246/10 | Town PS,Plakkad |
| 36 | 251/10 | North PS,Palakkad |
| 37 | 356/08 | Edakkad,Kannur |
| 38 | 458/07 | Vanchiyoor |
| 39 | 59/11 | Town PS,Kozhikode |
| 40 | 74/11 | Malappuram |

| | | |
|---|---|---|
| 41 | 577/09 | Nalloore |
| 42 | 312/08 | Valappad |
| 43 | 496/08 | Guruvayur |
| 44 | 638/07 | Pathanamthitta |
| 45 | 283/06 | Kuttipppuram |
| 46 | 738/01 | Perinthalmanna |
| 47 | 607/01 | Kondotty |
| 48 | 215/01 | Melattur |
| 49 | 533/01 | Thirur |
| 50 | 328/01 | Kottakal |
| 51 | 68/02 | Kondotty |
| 52 | 128/10 | Areacode |
| 53 | 425/07 | Thenhipalam |
| 54 | 282/05 | Thirur |
| 55 | 463/10 | Malappuram |
| 56 | 677/07 | Changanassery |
| 57 | 544/09 | Chingavanam |
| 58 | 981/09 | Changanassery |
| 59 | 124/11 | Kottayam West |
| 60 | 247/11 | Kottayam West |
| 61 | 2562/10 | Aluva |
| 62 | 221/09 | Bakal |
| 62 | 402/10 | Hosdurg |
| 63 | 560/10 | Neelaswaram |
| 64 | 280/11 | Vellarikunde |
| 65 | 278/08 | Kasargod |
| 66 | 292/08 | Kasargod |
| 67 | 304/08 | Kasargod |
| 68 | 307/08 | Kasargod |
| 69 | 635/08 | Kasargod |

| | | |
|---|---|---|
| 70 | 280/11 | Vellarikunde |
| 71 | 858/08 | Kannur Town |
| 72 | 491/09 | Valapattanam |
| 73 | 270/06 | Kilimanur |
| 74 | 217/08 | Kallambalam |
| 75 | 480/08 | Medical college |
| 76 | 291/09 | Vattappara |
| 77 | 986/09 | Pathanamthitta |
| 78 | 366/10 | Vilappilsala |
| 79 | 569/10 | Palakkad Railway |
| 80 | 50/11 | Nilampur |
| 81 | 507/10 | Maradu |
| 82 | 116/11 | Nadapuram |
| 83 | 30/01 | Perumpadappu |
| 84 | 867/02 | Kasargod |
| 85 | 290/10 | Kuttipuram |
| 86 | 270/06 | Kilimanur |
| 87 | 993/10 | Iravipuram |
| 88 | 182/09 | Munnar |
| 89 | 187/09 | Marayur |
| 90 | 188/09 | Marayur |
| 91 | 312/07 | Vandiperiyar |
| 92 | 204/10 | Valiyathura |
| 93 | 561/09 | Pettah |

സെക്ഷൻ ഓഫീസർ

| | |
|---|---|
| | ലിസ്റ്റുകൾക്കെതിരായി ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ചിലത് തീർപ്പായിട്ടുള്ളതും മറ്റുള്ളവ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്. |
| (ഡി) സ്പോർട്ട്സ് ക്വോട്ട നിയമനങ്ങൾ സുതാര്യമാക്കാനും അർഹരായ കായിക താരങ്ങൾക്ക് നിയമനം നൽകാനും നടപടികൾ സ്വീകരിക്കുമോ; | (ഡി) നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാർഗ്ഗങ്ങളിലൂടെയാണ് അർഹരായ കായിക താരങ്ങൾക്ക് നിയമനം നൽകി വരുന്നത്. |
| (ഇ) കായിക താരങ്ങൾക്ക് നിയമനം നൽകുമ്പോൾ ഇന്റർവ്യൂ ബോർഡിൽ പ്രസിദ്ധരായ അന്താരാഷ്ട്ര-ദേശീയ കായികതാരങ്ങളെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) സർക്കാർ അംഗീകാരത്തോട് കൂടി പ്രമുഖ കായിക താരങ്ങൾ ഉൾപ്പെടുന്ന കമ്മറ്റിയാണ് പോലീസ് വകുപ്പിൽ കായിക താരങ്ങളുടെ നിയമനം പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ